സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.-ഇ.കെ.എം.(പി.10) 1691/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്- 682030
ഫോൺ : 0484 2422271
email:doekm.ksad@kerala.gov.in
തീയതി: 07.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.-ഇ.കെ.എം.(പി.10) 1691/2019 തിയ്യതി: 07.11.2019

# എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 15.10.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് കെ.കെ.,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 16.09.2019 മുതൽ 01.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.മൈക്കിൾ കെ.എ. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. സി.ഡി.ശ്രീജിത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി കവിത എസ്.കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| സ്ഥാനം /തസ്തിക | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സോണി ചീക്കു | 01.04.18 | 31.03.19 |
| വൈസ് പ്രസിഡന്റ് | ശ്രീ. സി.കെ.രാജു | 01.04.18 | 31.03.19 |
| **സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ/ചെയർ പേഴ്സൺ** | | | |
| വികസന കാര്യം | ശ്രീമതി. ലിസി വാര്യത്ത് | 01.04.18 | 31.03.19 |
| ക്ഷേമകാര്യം | ശ്രീ പോൾ ജോസഫ് | 01.04.18 | 31.03.19 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി. ഷീബ. കെ. പി | 01.04.18 | 31.03.19 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ. ആനന്ദൻ ടി.വി.,<br>അസിസ്റ്റന്റ് സെക്രട്ടറി (ചുമതല) | 01.04.18 | 29.04.18 |
| | ശ്രീമതി വൃന്ദ വി. | 30.04.18 | 16.05.18 |
| | ശ്രീ. ആനന്ദൻ ടി.വി.,<br>അസിസ്റ്റന്റ് സെക്രട്ടറി (ചുമതല) | 17.05.18 | 21.06.18 |
| | ശ്രീമതി വി.ആർ.മല്ലിക | 22.06.18 | 31.03.19 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആനന്ദൻ ടി.വി. | 01.4.18 | 31.03.19 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി പുഷ്യ രാജൻ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ശ്രീരേഖ വി.എസ് | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബീന പ്രദീപ് | 1.4.2018 | 1.8.2018 |
| | ഡോ. സൗമ്യ രമേഷ് | 2.8.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിജി എബ്രഹാം | 01.04.18 | 31.03.19 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജൂഡി | 1.4.2018 | 10.09.2018 |
| | ശ്രീമതി വീണ.ടി.വി | 11.09.2018 | 26.11.2018 |
| | ശ്രീമതി. ജസ്ന | 27.11.2018 | 31.03.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ,<br>സൗത്ത് ചിറ്റൂർ | ശ്രീമതി സ്മിത. പി.ജി | 1.4.2018 | 31.3.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, ചേരാനെല്ലൂർ | ശ്രീ.പ്രഗത്. വി. പ്രഭാകർ | 1.4.2018 | 31.3.2019 |
| വെറ്റിനറി സർജൻ | ഡോ. ഷെറി മാത്തൻ | 1.4.2018 | 31.3.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി റേച്ചൽ ബെഞ്ചമിൻ | 01.04.18 | 31.03.19 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മറീന പോൾ | 1.4.2018 | 27.10.2018 |
| | ശ്രീമതി. അഞ്ജു കുര്യൻ | 28.10.18 | 31.03.2019 |
| ഹെഡ്മിസ്ട്രസ് ,<br>ഗവ. എൽ.പി. സ്കൂൾ, ചേരാനെല്ലൂർ | ശ്രീമതി. ബീന പി.കെ | 1.4.2018 | 31.3.2019 |

**<u>ഉള്ളടക്കം</u>**

| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിഹിതം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | പണ പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | അനധികൃത മാലിന്യ നിക്ഷേപം – കാമറകളുടെ പ്രവർത്തനത്തിലെ അപാകതകളും നിർദ്ദേശങ്ങളും | 1-13 |
| 14 | സഞ്ചയ ഡാറ്റകളിലെ അപാകതകൾ | 1-14 |
| 15 | ലൈസൻസ് ഫീസ് – നിർണ്ണയവും ഈടാക്കലും – അപാകതകൾ | 1-15 |
| 16 | വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-16 |
| 17 | ആസ്റ്റർ ആശുപത്രി – കോഫി ഷോപ്പിന്റെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് | 1-17 |
| 18 | അവശ്യ രേഖകൾ ഹാജരാക്കിയില്ല. | 1-18 |
| 19 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-19 |
| 20 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ | 1-20 |
| 21 | മരാമത്തു പണികളിൽ മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നില്ല | 1-21 |
| 22 | മാലിന്യ നിർമ്മാർജ്ജനം – നിർദ്ദേശങ്ങൾ | 1-22 |
| 23 | വിവിധ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 24 | പെർമിറ്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-24 |
| 25 | തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ | 1-25 |
| | ഭാഗം-2 | |
| 26 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല – 12500/- രൂപ നഷ്ടം | 2-1 |
| 27 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത – തൻവർഷം നഷ്ടം 49173/- രൂപ | 2-2 |
| 28 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തിയില്ല | 2-3 |
| 29 | ചേരാനെല്ലൂർ ബസ് സ്റ്റാന്റ് വണ്ടിപ്പേട്ട – ലേലത്തുക പൂർണ്ണമായി ഈടാക്കിയില്ല. | 2-4 |
| | ഭാഗം-3 | |
| 30 | വക്കീൽ ഫീസ് അധികം നല്കി – രൂ.2000/- തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| | ഭാഗം-4 | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മെബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 42 | ബാലൻസ് ഷീറ്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>റസീപ്റ്റ് & പേയ്മെന്റ് | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28/3/2018 തീയതിയിലെ 1/1 നം.തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28/02/2019 തീയതിയിലെ 1(1) തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 07.05.2019 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.2019&11.06.2019 | കെ.എസ്.എ.ഇ കെ.എം (പി.ജി.)<br>1227 /(62) /2019/ 01.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,07,41,948 |
| വരവ് | 7,67,99,431 |
| ആകെ | 10,75,41,379 |
| ചെലവ് | 7,61,63,062 |
| നീക്കിയിരിപ്പ് | 3,13,78,317 |

## 1-5 ഫണ്ട് വിഹിതം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14225261 | 14225261 | 13003284 | 0 | 1221977 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 4790000 | 4790000 | 3257289 | 0 | 1532711 |
| വികസനഫണ്ട്.(ടി.എസ്.പി) | 0 | 131000 | 131000 | 0 | 0 | 131000 |
| ധനകാര്യ കമ്മീഷൻഅവാർഡ് | 0 | 6603000 | 6603000 | 6603000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3766000 | 3766000 | 3766000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3660000 | 3660000 | 3113989 | 0 | 546011 |
| എം.എൻ. ആർ. ഇ. ജി.എസ് | 1390 | 216455 | 217845 | 188657 | 29188 | -- |
| ശുചിത്വ പരിപാലനം | 117057 | -- | 117057 | 0 | 117057 | -- |

| | | | | | | |
|---|---|---|---|---|---|---|
| JNNURM | 75942 | 2693 | 78635 | 0 | 78635 | -- |
| ഐ.സി.ഡി.എസ് | 859710 | 634075 | 1493785 | 669761 | 824024 | -- |
| ജനകീയ ഭവനം | 104886 | 2769 | 107655 | 0 | 107655 | -- |
| സാക്ഷരത | 3084 | 110 | 3194 | 0 | 3194 | -- |
| MGNREGS സംസ്ഥാന വിഹിതം | 0 | 47000 | 47000 | 47000 | 0 | -- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 16625 | 6905300 | 6921925 | 2462691 | 4459234 | -- |
| ട്രഷറി അക്കൌണ്ട് | 0 | 1110228 | 1110228 | 257786 | 852442 | -- |
| എസ്.ബി.ഐ.-തനത് ഫണ്ട് | 0 | 17326959 | 17326959 | 3336039 | 13990920 | -- |
| NREGS (ഗുണഭോക്തൃ വിഹിതം) | 0 5537475 | 5537475 | 5537475 | 0 | 0 | -- |
| എസ്.ബി.ഐ. കറന്റ് അക്കൌണ്ട് | 0 | 330103 | 330103 | 0 | 330103 | -- |
| സഹ. ബാങ്ക് -തനത് ഫണ്ട് | 9205747 | 574584 | 9780331 | 0 | 9780331 | -- |
| ആകെ | 10250759 | 62635989 | 72886748 | 38109393 | 34777355 | -- |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 170 | 8,83,58,419 | 119 | 5,06,19,019 | 29 | 22 | 70 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - </u> ഇല്ല

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,390 | 2,16,455 | 2,17,845 | 1,88,657 | 29,188 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 55,37,475 | 55,37,475 | 55,37,475 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,880 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 24,91,500 | 218 |
| വിധവാപെൻഷൻ | 1,19,39,700 | 1,017 |
| വാർദ്ധക്യകാലപെൻഷൻ | 2,87,84,500 | 2,635 |
| വികലാംഗപെൻഷൻ | 29,46,500 | 255 |
| 50 വയസ്സിനമേൽ പ്രായമുള്ള | 7,12,800 | 74 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |
| സാധുക്കളായ പെൺമക്കളുടെ വിവാഹധനസഹായം | 2,10,000 | 7 |

# 1-9 പണപരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/9/2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41,590/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. വരവിനങ്ങളെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട പല രജിസ്റ്ററുകളും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി എഴുതി സൂക്ഷിക്കുന്നില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഏതാനും അപേക്ഷരുടെ പേരുവിവരമല്ലാതെ മറ്റൊന്നും ചേർത്തിട്ടില്ല. പാരാമെഡിക്കൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഏതാനും മാസങ്ങളിലെ സാംഖ്യ രസീതുകൾ സ്റ്റേഷനറി നമ്പറിനനുസൃതമായി ക്രമമായി ഫയൽ ചെയ്തിട്ടില്ല. ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ (ലഭിച്ചതും നിരസിച്ചതും) ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റേയും ആസൂത്രണ സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല.

2. ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിലെ തുക സ്വീകരിക്കുമ്പോൾ രസീത് നൽകുന്നതിനും അപേക്ഷകൾ സ്വീകരിക്കുമ്പോൾ രസീത് നൽകുന്നതിനും ഉപയോഗിക്കുന്ന രണ്ട് പ്രിന്ററുകളും പൂർണ്ണമായും ശരിയായി പ്രവർത്തിക്കുന്നില്ല എന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഓഡിറ്റ് വർഷം പ്രിന്റർ അപ്രതീക്ഷിതമായി പ്രവർത്തനരഹിതമായത് മൂലം 541 സാംഖ്യ രസീതുകൾ റദ്ദാക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരത്തിൽ ഒട്ടനവധി രസീതുകൾ റദ്ദാക്കുന്നത് ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട് എന്നതിനോടൊപ്പം ഇതിലടങ്ങിയിട്ടുള്ള പണം കൈകാര്യം ചെയ്യുന്നതിലെ അപകടസാദ്ധ്യത (risk) യും പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നു. എത്രയും വേഗം കാര്യക്ഷമമായി പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഫ്രണ്ട് ഓഫീസിൽ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

3. ഗ്രാമ പഞ്ചായത്തിലെ 3 വാഹനങ്ങളുടെയും ( ബൊലേറോ-കെ.എൽ-07/CQ-2437, ആംബുലൻസ്- കെ.എൽ-07/BW-9238, ലോറി- കെ.എൽ-07/CN-226) മൈലേജ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതിൽ ബൊലേറോ വാഹനം 30.11.2018 ലാണ് വാങ്ങിയത്. അന്ന് മുതൽ 31.03.2019 വരെ 6313 കിലോ മീറ്റർ വാഹനം സഞ്ചരിക്കാൻ 531 ലിറ്റർ ഡീസൽ ഉപയോഗിച്ചതായി ലോഗ് ബുക്കിൽ നിന്ന് വ്യക്തമാകുന്നു. 11.88 കി.മീ. ആണ് ലഭ്യമായ മൈലേജ്. ARAI ( Automative research association of india ) യുടെ കണക്കനുസരിച്ച് ബൊലേറോയുടെ മൈലേജ് 15.96 കി.മീ. ആണ്. ഇത് അനുകൂല സാഹചര്യത്തിലെ കണക്കായതിനാൽ യഥാർത്ഥത്തിൽ ഇത്ര മൈലേജ് ലഭ്യമാകണമെന്നില്ല. എന്നാൽ ലഭ്യമായ മൈലേജ് വളരെ കുറവായതായി പ്രത്യക്ഷത്തിൽ കാണുന്നു. വാഹനത്തിന്റെ സൌജന്യ സർവീസ് ഇനിയും ഉള്ളതുകൊണ്ട് പ്രസ്തുത മൈലേജ് വ്യത്യാസം സർവീസ് സെന്ററിൽ സൂചിപ്പിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വാഹനങ്ങളുടെയും മൈലേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ആംബുലൻസിന്റെ ലോഗ് ബുക്കിൽ ഏത് വ്യക്തിക്ക് വേണ്ടിയാണ് വണ്ടി ഉപയോഗിക്കുന്നത് എന്ന് രേഖപ്പെടുത്തുന്നില്ല. പ്രസ്തുത അപാകതകയും പരിഹരിക്കേണ്ടതാണ്.

4. പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കെതിരെയും ആവശ്യമായ നടപടികൾ എടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 08.06.2018 ലെ തീരുമാനം നം.2(3) ൽ കാണുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം-4) ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പഞ്ചായത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസുകൾ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെന്ന് മേൽ തീരുമാനത്തിൽ നിന്ന് വ്യക്തമാണ്. ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി പിഴ ഈടാക്കി ലൈസൻസ് എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കാൻ നിർദ്ദേശിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോർമൻസ് | 23.09.2019 | 08/19 | റിപ്പോർട്ട് | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | | | ലഭിച്ചിട്ടില്ല. | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-6-2011മുതൽ 21-6-2011വരെ | 2006-07 മുതൽ 2010-11 വരെ | 22-07-2011 | ഇല്ല |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

അക്കൗണ്ട്സ് സർട്ടിഫിക്കേഷനിൽ കണ്ടെത്തിയ അപാകതകൾ കെ.എസ്.എ-ഇ.കെ.എം (പിജി) 1227/(62)/19/ 01.8.2019 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളുടെ B-4 ഷെഡ്യൂളിൽ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ഹെഡ്ഡിൽ ( 320800101 ) 2,67,675 രൂപ ഉള്ളതായി കാണുന്നു. 2018-19 ൽ ലഭിച്ച മുഴവൻ തുകയും പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും ഇത് മുൻ വർഷത്തെ നീക്കി ബാക്കിയാണെന്നും പഞ്ചായത്ത് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മുൻ വർഷത്തേതാണെങ്കിലും ഗുണഭോക്തൃവിഹിതം വാർഷിക കണക്കിൽ ലയബിലിറ്റിയായി ചേർക്കുക എന്നാൽ തുക വിനിയോഗിച്ചിട്ടില്ല എന്നോ വിനിയോഗിച്ചത് വാർഷിക കണക്കുകളിൽ ചേർത്തിട്ടില്ല എന്നോ ആണ് മനസ്സിലാക്കേണ്ടത്. പ്രസ്തുത അപാകത പരിശോധിച്ച് പരിഹരിക്കാൻ നിർദ്ദേശിക്കുന്നു.

(2) പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളുടെ Rp-43 ഷെഡ്യൂൾ പ്രകാരം ഓഡിറ്റ് വർഷം ലഭിച്ച വസ്തു നികുതി 84,65,567 (23,00,848+10,76,508+44,62,530+6,25,681) രൂപയാണ്. ആയതിന് ലഭിക്കേണ്ട ലൈബ്രറി സെസ്സ് 4,23,227 രൂപയാണ്. (2017-18 ഓഡിറ്റ് വർഷം ഈ ഇനത്തിൽ അഡ്വാൻസ് ലഭിച്ചതായി കാണുന്നില്ല). എന്നാൽ വാർഷിക കണക്കുകളിലെ RP-36 ൽ ലയബിലിറ്റിയായി 4,41,014 രൂപയാണ് ലൈബ്രറി സെസ്സായി കാണുന്നത്. 17,787 രൂപയുടെ വ്യത്യാസം കാണുന്നു. കണക്ക് കൂട്ടുമ്പോൾ വരുന്ന തുക റൌണ്ട് ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യത്യാസമായിരിക്കാം ഇതെന്ന പഞ്ചായത്തിന്റെ മറുപടി അംഗീകരിക്കാൻ കഴിയില്ല. 3,55,740 രൂപ എന്ന വസ്തുനികുതിയുടെ ലൈബ്രറി സെസ്സിന് തുല്യമായ തുകയായ മേൽ തുക ഒരു കാരണവശാലും റൌണ്ട് ചെയ്യുമ്പോൾ വ്യത്യാസപ്പെടില്ല. സാംഖ്യ , സഞ്ചയ വസ്തു നികുതി തുകകളിലെ മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച വ്യത്യാസം കണക്കിലെടുക്കുമ്പോൾ ഈ അപാകതയെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി മറുപടി നൽകാൻ നിർദ്ദേശിക്കുന്നു.

(3) 06.06.2018 ലെ ജനകീയ ഭവന പദ്ധതി സ്പിൽ ഓവർ ചെലവായ 9,40,000 രൂപ other administrative expense എന്ന ഹെഡ്ഡിലാണ് ചേർത്തിരിക്കുന്നത്. മേൽ അപാകത പരിഹരിക്കാൻ നിർദ്ദേശിക്കുന്നു.

(4) 28.09.2017 ൽ 67381677048 എന്ന അക്കൌണ്ടിൽ ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച 3,33,333 രൂപ 23.12.2017 ലെ 21700892 ാം വൌച്ചർ പ്രകാരം കുടുംബശ്രീ സി.ഡി.എസ്.ചെയർപേഴ്സണ് നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക പഞ്ചായത്തിന്റെ ലയബിലിറ്റിയിൽ നിന്നും ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

(5) പഞ്ചായത്തിന്റ ഓഡിറ്റ് വർഷത്തിലെ വരവ്-ചെലവ് ഇനങ്ങളുടെ അക്കൌണ്ടിംഗിൽ ഒട്ടനവധി പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. അക്കൗണ്ട് ഹെഡ്ഡുകളെപ്പറ്റി വ്യക്തമായ ധാരണയോ അറിവോ ഇല്ലാതെയാണ് പലപ്പോഴും ചെലവ് വാർഷികകണക്കിൽ ചേർത്തിരിക്കുന്നത്. ആയതിനാൽത്തന്നെ ഒട്ടേറെ തിരുത്തൽ ജേർണ്ണൽ എൻട്രികൾ നടത്തേണ്ടി വന്നിട്ടുണ്ട്. ഓഡിറ്റ് വർഷം ഏകദേശം 700 ഓളം തിരുത്തൽ ജേർണ്ണൽ എൻട്രികൾ നടത്തിയിട്ടുണ്ട്. ഇത് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ജേർണ്ണൽ എൻട്രികൾ എന്തുകൊണ്ട് നടത്തുന്നു എന്ന് സെക്രട്ടറി അറിഞ്ഞിരിക്കേണ്ടതാണ്. ആയതിന്റെ മേൽനോട്ടത്തിന് ഏതെങ്കിലും മുതിർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയോ സെക്രട്ടറിയുടെ പ്രൊസീഡിംഗ്സ് പ്രകാരം ചെയ്യുന്ന രീതി അവലംബിക്കുകയോ ചെയ്യാവുന്നതാണ്.

(6) 31.3.2019 ൽ വാടകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള 57768/- രൂപ 2018-19 വാർഷികകണക്കുകളിൽ ആസ്തിയായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-B15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-13 അനധികൃത മാലിന്യ നിക്ഷേപം- കാമറകളുടെ പ്രവർത്തനത്തിലെ അപാകതകളും നിർദ്ദേശങ്ങളും

അനധികൃത മാലിന്യ നിക്ഷേപം തടയുന്നതിന് ഗ്രാമ പഞ്ചായത്ത് സി.സി.ടി.വി ( closed circuit television ) കൾ സ്ഥാപിച്ചിട്ടുണ്ട്(പ്രൊജക്ട് നം.60/19, തുക-4,31,024, സാങ്ഷൻ ഓർഡർ-118/11.02.2019). ഡി.എസ്.എം മാർക്കറ്റിംഗ് എന്ന

സ്ഥാപനത്തിൽ നിന്ന് 51 സി.സി.ടി.വികളാണ് സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം വാങ്ങിയ 51 ബുള്ളറ്റ് കാമറകൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഏത് പ്രദേശങ്ങളിലാണ് ഇവ സ്ഥാപിച്ചിരിക്കുന്നത് എന്നത് തെളിയിക്കുന്ന രേഖകളും ഫയലിൽ ഇല്ല.എല്ലാ വാർഡുകളിലും 3 എണ്ണം വീതം സ്ഥാപിച്ചിരിക്കുന്നു എന്ന് മാത്രമാണ് കാണുന്നത്.

2. കാമറകളുടെ നിരീക്ഷണം എങ്ങനെയാണ് നടത്തുന്നത് എന്നതിനെ സംബന്ധിച്ച് യാതൊരു നിർദ്ദേശങ്ങളും ഇല്ല. ഇത്തരത്തിൽ ക്യാമറകൾ സ്ഥാപിച്ച പഞ്ചായത്തുകളിൽ ആയത് നിരീക്ഷിക്കാൻ ഒരു കൺട്രോൾ സ്റ്റേഷൻ ഉണ്ടാകാറുണ്ട്. ചില സ്ഥലങ്ങളിൽ പഞ്ചായത്തുകളിൽ തന്നെ നിരീക്ഷിക്കാൻ സംവിധാനമുണ്ടാകും. മറ്റ് ചില പ്രദേശങ്ങളിൽ അതത് പ്രദേശത്തെ പൊലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത സംവിധാനം ഒരുക്കുന്നത്. റസിഡന്റ്സ് അസോസിയേഷനുകളായി സഹകരിച്ചും ക്യാമറ വിവരങ്ങളുടെ നിരീക്ഷണം നടത്താവുന്നതാണ്. ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെ-219 (എസ്) പ്രകാരവും അല്ലാത്തതെല്ലാം പഞ്ചായത്ത് രാജ് ആക്ട് സെ-219 ( ടി ) പ്രകാരവുമാണ് നടപടി എടുക്കേണ്ടത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെ-219 (എസ്) പ്രകാരമുള്ള മാലിന്യ നിക്ഷേപം കോഗ്നൈസബിൾ (വാറന്റില്ലാതെ അറസ്റ്റ് ചെയ്യാനും കോടതിയുടെ അനുമതിയില്ലാതെ അന്വേഷണം ആരംഭിക്കാൻ കഴിയുന്നതും) ആയതിനാലും ജാമ്യമില്ലാത്തതും തടവ് ശിക്ഷയുള്ളതുമാണെന്ന് പ്രസ്തുത ആക്ടിൽ ചേർത്തിട്ടുള്ളതിനാൽ ആയതിന്റെ വിവരങ്ങൾ പൊലീസിന് കൈമാറേണ്ടതാണ്.

3. ക്യാമറ നിരീക്ഷണത്തിനായും മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി പഞ്ചായത്ത് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് കൃത്യമായ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് പൊലീസിന് നൽകുന്ന പരാതികളുടെ രേഖകൾ തുടർ പ്രവർത്തനങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് വർഷം ഇങ്ങനെ നൽകിയ പരാതികളുടെ പകർപ്പ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെ-219 ( എസ് ) പ്രകാരമുള്ള പരാതികളുടെ എഫ്.ഐ.ആർ. പകർപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. [കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ സെ-154 (2 )].

# 1-14 സഞ്ചയ ഡാറ്റകളിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) സോഫ്റ്റ് വെയറിലെ ഡിസ്ക്രിപ്പൻസി എന്ന ഹെഡ്ഡിലെ വിവിധ ഇനങ്ങളിലായി ശ്രദ്ധയിൽപ്പെട്ട അപാകതകൾ.

| ക്രമ നം. | ഇനം. | അപാകത പരിഹരിക്കേണ്ട കെട്ടിടങ്ങളുടെ എണ്ണം. |
|---|---|---|
| 1 | സസ്പെക്ട് ചെയ്തിരിക്കുന്ന കെട്ടിടങ്ങൾ | 1067 |
| 2 | നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള എന്നാൽ ഇതുവരെ സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾ | 41 |
| 3 | നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടെങ്കിലും ഡിമാൻഡിൽ കുറവ് രേഖപ്പെടുത്താത്ത കെട്ടിടങ്ങൾ | 12 |
| 4 | ഒരേ അർദ്ധവർഷത്തിൽ തന്നെ ഒന്നിൽ കൂടുതൽ ഡിമാൻഡ് കാണിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | 4 |
| 5 | കളക്ഷൻ തുകയിൽ വ്യത്യാസമുള്ള കെട്ടിടങ്ങളുടെ എണ്ണം ( പി.ഡി.ഇ/സാംഖ്യ ) | 24 |
| 6 | കളക്ഷൻ തുകയിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ (ഔട്ട് ഡോർ) | 1 |
| 7 | രസീത് നമ്പറുകളില്ലാതെ കളക്ഷൻ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ | 196 |
| 8 | കൃത്യമായ വർഷം ചേർക്കാതെ കളക്ഷൻ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ | 254 |
| 9 | ഡിമാൻഡ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ | 141 |

| | | |
|---|---|---|
| 10 | നികുതി, ഡിമാൻഡ് എന്നിവയിൽ വ്യത്യസ്ഥത കാണിക്കുന്ന കെട്ടിടങ്ങൾ | 1 |
| 11 | നികുതി ഇളവ് നൽകിവരുന്ന 2000 ച.അടിക്ക് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 2 |
| 12 | കളക്ഷൻ അപ്ഡേറ്റ് ചെയ്യാത്ത കെട്ടിടങ്ങൾ | 2 |
| 13 | ജി.ഒ 358/15 പ്രകാരം നികുതി ഇളവ് നൽകിയിരിക്കുന്ന 600 ച.അടിക്ക് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 8 |

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ പല തവണ നിർദ്ദേശങ്ങൾ ലഭിച്ചതാണെങ്കിലും ഇതുവരെ മേൽ അപാകതകൾ പരിഹരിച്ചിട്ടില്ല. ആയതിനാൽ തന്നെ പഞ്ചായത്തിലെ വസ്തു നികുതി ഡിമാൻഡ് ഇപ്പോഴും കൃത്യമല്ല.പഞ്ചായത്തിലെ 12,057 കെട്ടിടങ്ങളിൽ 7,596 എണ്ണത്തിന്റെ മാത്രമാണ് പ്യൂരിഫിക്കേഷൻ പൂർത്തിയായതായി കാണുന്നത്.മേൽ അപാകതകൾ എത്രയും വേഗം പരിഹരിക്കാൻ നിർദ്ദേശിക്കുന്നു.

(2) വാർഷിക കണക്കുകൾ പ്രകാരം പിരിച്ചെടുത്ത സർവീസ് സെസ്സും വസ്തു നികുതി വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | നികുതി ഇനം | തുക | പിരിച്ചെടുത്ത സേവന ഉപനികുതി | സർവ്വീസ് സെസ്സിന്റെ ശതമാനം |
|---|---|---|---|---|
| 1 | വസ്തു നികുതി (റസിഡൻഷ്യൽ, തൻവർഷം ) | 23,00,848 | 4,24,828 | 18.46% |
| 2 | വസ്തു നികുതി (റസിഡൻഷ്യൽ, കുടിശ്ശിക ) | 10,76,508 | 1,75,777 | 16.33% |
| 3 | വസ്തു നികുതി (നോൺ-റസിഡൻഷ്യൽ, തൻവർഷം ) | 44,62,530 | 7,47,825 | 16.76% |
| 4 | വസ്തു നികുതി (നോൺ-റസിഡൻഷ്യൽ,കുടിശ്ശിക) | 6,25,680 | 1,03,217 | 16.49% |

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരമുള്ള നിരക്കിനേക്കാൾ കുടുതലുള്ള പൂർണ്ണസംഖ്യയിലുള്ള നിരക്കിലാണ് സേവന ഉപനികുതി പിരിക്കേണ്ടത്. എന്നാൽ പിരിച്ചെടുത്ത സേവന ഉപനികുതിയുടെ കണക്കിൽ വ്യത്യാസങ്ങൾ കാണുന്നു. മേൽ ചട്ടങ്ങളിലെ ചട്ടം 27 ലെ ഏത് സേവനതേതിനാണ് സേവന ഉപനികുതി ഈടാക്കുന്നത് എന്നത് സംബന്ധിച്ച കമ്മിറ്റി തീരുമാനവും മറ്റ് അനുബന്ധരേഖകളും ഓഡിറ്റ് എൻക്വയറി മൂലം (നം.2/18.9.19) ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയില്ല.ആയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

(3) വസ്തു നികുതി പിരിവ് സംബന്ധിച്ച വാർഷിക കണക്കുകളിലെയും സഞ്ചയ സോഫ്റ്റ് വെയറിലെയും കണക്കുകളിൽ വൻ വ്യത്യാസം കാണുന്നു.

| ക്രമ നം. | ഇനം. | വാർഷിക കണക്കുകൾ പ്രകാരം പിരിച്ചെടുത്ത തുക | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പിരിച്ചെടുത്ത തുക |
|---|---|---|---|
| 1 | വസ്തു നികുതി (തൻവർഷം) | രു. 67,63,378 (മുൻ വർഷം അഡ്വാൻസ് ഇല്ല) | രു. 84,26,558 |
| 2 | വസ്തു നികുതി ( കുടിശ്ശിക ) | രു. 17,02,189 (മുൻ വർഷം അഡ്വാൻസ് ഇല്ല. | രു. 20,67,677 |

മേൽ അപാകതക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

# 1-15 ലൈസൻസ് ഫീസ് - നിർണയവും ഈടാക്കലും-

# അപാകതകൾ

(1) <u>അപേക്ഷകൾ അപൂർണ്ണം</u>

ലൈസൻസ് പുതുക്കുവാൻ ലഭിച്ച താഴെ പറയുന്ന അപേക്ഷകളിൽ ഫീസ് ഈടാക്കുന്നതിന്റെ മാനദണ്ഡമായ മൂലധന നിക്ഷേപം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ ഈടാക്കിയ നിരക്കിൽ മാറ്റമില്ല എന്ന അനുമാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്നാണ് എൻക്വയറിക്ക് (നം.10) മറുപടിയായി വിശദീകരിച്ചത്. ആയത് അംഗീകരിക്കാവുന്നതല്ല. 2017 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ഭേദഗതി ചട്ടങ്ങളിലെ പട്ടിക II ൽ നിർദ്ദേശിക്കുന്ന പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ | ഈടാക്കിയ ലൈസൻസ് ഫീസ്. (രസീത്.നം.തീയതി) |
|---|---|---|---|---|
| 1 | മേഴ്സി ചാക്കോ | ക്രോംപ്റ്റൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽ ലിമിറ്റഡ് | 446/18-19 | രൂ.1000/-<br>118080104595<br>തീയതി 24.10.18 |
| 2 | അജിത്ത് ഭാസ്കരൻ | റൂഫ്കോ ട്രേഡിംഗ് കമ്പനി | 412/18-19 | രൂ. 1000/-<br>118080103625<br>തീയതി 13.8.18 |
| 3 | നന്ദകുമാർ പി.എസ്. | പോപ്പുലർ മോട്ടോർ വേൾഡ് ലിമിറ്റഡ് | 386/18-19 | രൂ.2000/-<br>118080103031<br>തീയതി 12.7.18 |
| 4 | രാമസുബ്ബ കെ. | ഹോട്ടൽ ആര്യാസ് | 79/18-19 | രൂ.2000/-<br>1583/8.3.18 |
| 5 | എം.അബ്ദുൾ അസീസ് | റോയൽ മോട്ടോഴ്സ് | 521/18-19 | രൂ. 2000/-<br>118080109245<br>തീയതി 2.3.19 |
| 6 | അബ്ദുൾ നാസർ | പൂങ്കുടി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 339/18-19 | രൂ.1000/-<br>118080109245<br>തീയതി 2.3.19 |

(2) ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് |
|---|---|---|---|
| 1 | 565/18-19 | വൈറ്റില സ്റ്റീൽസ് | മഹേന്ദ്രകുമാർ ജെയിൻ |
| 2 | 366/18-19 | വെയർ ഹൌസ് ലോജിസ്റ്റിക്ക്സ് ഡിസ്ട്രിബ്യൂഷൻ ആൻഡ് ട്രേഡിംഗ് | വിശ്വനാഥ മനോജ് കുമാർ |

(3) പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൻവർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എൻക്വയറിക്ക്(നം-10/26.9.19) മറുപടിയായി ലൈസൻസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്) ലൈസൻസില്ലാതെ പ്രവർത്തിച്ച് വന്ന ടി സ്ഥാപനങ്ങൾക്കെതിരെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും 2017 ലെ ഭേദഗതി വരുത്തിയ ചട്ടപ്രകാരം ടി സ്ഥാപനങ്ങൾക്ക് ബാധകമായ ലൈസൻസ് ഫീസ് പിഴ സഹിതം നിർണയിച്ചീടാക്കി വിവരമറിയിക്കേണ്ടതുമാണ്.

| ക്രമ നം | പേര് |
|---|---|
| 1 | ~~വില്ലേജ് റസ്റ്ററന്റ്, എൻ എച്ച് റോഡ്~~ |
| 2 | ഹോട്ടൽ പെരിയാർ, എൻ എച്ച് റോഡ് |
| 3 | ഇൻഡസ്ട്രിയൽ പൈപ്പ് സെന്റർ<br>ഗോഡൌൺ റോഡ്, ചേരാനല്ലൂർ |
| 4 | ഫ്രെഷ് പ്രോഡക്റ്റ്സ് |
| 5 | റ്റോഡി ഷോപ്പ്, ( TS No - 51 )ഷാപ്പുംപടി |
| 6 | അഴികത്ത് പെരിയാർ ഫാം<br>(ചിറ്റൂർ- വട്ടുതല പാലത്തിന് സമീപം) |
| 7 | ഹവായ് മീറ്റ് മാർട്ട്,<br>(ചിറ്റൂർ സെന്റ് മേരീസ് യു.പി സ്കൂളിന് സമീപം) |
| 8 | മീറ്റ് മാർട്ട്, (ചിറ്റൂർ സെന്റ് മേരീസ് യു.പി സ്കൂളിന് സമീപം) |
| 9 | കളിക്കോട്ടയിൽ മീറ്റ് സ്ററാൾ (ചിറ്റൂർ- വട്ടുതല പാലത്തിന് സമീപം) |

(4) <u>മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.</u>

ജി.ഒ (പി) 80/2017തസ്വഭവ, തീയതി. 31/10/17 {SRO.No-674/2017} ഭേദഗതി പ്രകാരം ഡി ആൻഡ് ഒ ലൈസൻസ് ആവശ്യമായി വരുന്നതും 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം (3) പട്ടിക 1 ൽ ഉൾപ്പെടുന്നതുമായ വ്യാപാരങ്ങളെ ഫാക്ടറികൾ, വ്യവസായങ്ങൾ, എന്റർപ്രേണർഷിപ്പ് പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിങ്ങനെ നാലായി വർഗീകരിക്കുകയും{Rule 2(3)3}മൂലധന നിക്ഷേപത്തിനനുസൃതമായി അതാത് വിഭാഗത്തിന് ബാധകമാകുന്ന നിരക്കിൽ ഫീസ് ഈടാക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുകയും [Rule 10} ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സേവന മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ നിന്നും പരമാവധി 15000/-രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ആസ്റ്റർ മെഡ്സിറ്റി, സൈമർ എന്നീ ആശുപത്രികളിൽ നിന്നും 4000/- രൂപയാണ് ഫീസായി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ ഭേദഗതി വരുത്തിയ ചട്ടങ്ങൾക്ക് അനുസൃതമായി ബൈലോ ചമച്ച് ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിക്കുന്നതിലേക്ക് പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. അപ്രകാരമുള്ള ഫീസ് ടി ആശുപത്രികളിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

(5) <u>റിസോർട്ടിന് തുച്ഛമായ ലൈസൻസ് ഫീസ് ഈടാക്കി</u>

പഞ്ചായത്തിലെ 10-ാം വാർഡിൽ ശ്രീമതി ജയ സുരേഷിന്റെ ഉടമസ്ഥതയിലുള്ള 410,410Aനമ്പർ കെട്ടിടങ്ങളിൽ ശ്രീ മൈക്കിൾ ഡൊമിനിക്ക് എന്ന വ്യക്തി (ഡയറക്ടർ എസ്കപാഡ് റിസോർട്ട്സ് ലിമിറ്റഡ്) "ചിറ്റൂർ കൊട്ടാരം" എന്ന പേരിൽ റിസോർട്ട് നടത്തിവരുന്നതായി കാണുന്നു. സഞ്ചയ പ്രകാരം സ്ഥാപനത്തിന്റെ വസ്തുനികുതി റിസോർട്ട് എന്ന നിലയിൽ ച.മീറ്ററിന് 90/-രൂപ നിരക്കിൽ ഈടാക്കുന്നുണ്ട് എന്നിരിക്കെ സ്ഥാപനത്തിൽ നിന്നും തൻവർഷം കേവലം 300/-രൂപ മാത്രം ലൈസൻസ് ഫീസായി ഈടാക്കിയതിന്റെ (രസീത് നം - 118080100960 തീയതി - 3.5.18) കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം – 10/26.9.19) മറുപടിയായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉയർന്ന നിലവാരത്തിൽ പ്രവർത്തിച്ച് വരുന്ന മേൽ സ്ഥാപനത്തിൽ നിന്നും പരമാവധി ലൈസൻസ് തുക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

# 1-16 വാണിജ്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2018-19 വർഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതും സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതുമായ

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | ലൈസൻസിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 84/18-19 | അശോക് ഹാരി പോത്തൻ | പോത്തൻ ആട്ടോസ് പ്രൈവറ്റ് ലിമിറ്റഡ് | 30 |
| 2 | 322/18-19 | കൃഷ്ണകുമാർ കെ.എസ്. | ഓമന ട്രേഡിംഗ് കമ്പനി | 23 |
| 3 | 440/18-19 | എം.പി. ഇർഷാദ് | മോഡി ട്രേഡ് ലിങ്ക്സ് | 10 |
| 4 | 146/18-19 | രാജീവ് വാസുദേവൻ | ആസ്റ്റർ ആയുർവേദ സെന്റർ | 15 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം നികുതി നിർണയിച്ച് ഈടാക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-17 ആസ്റ്റർ ആശുപത്രി- കോഫിഷോപ്പിന്റെ വസ്തു നികുതി നിർണയം സംബന്ധിച്ച്

ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയുടെ പ്രധാന വാതിലിനോട് ചേർന്നുള്ള Wellness Lobbyക്ക് അരികിലായി " Red Bubble Cafe" (A unit of Travancore Food India (p) Ltd ) എന്ന പേരിൽ കഫെ സെന്റർ പ്രവർത്തിക്കുന്നതായി സ്ഥല പരിശോധനയിൽ (തീയതി-26.9.19,3 pm) ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.ആയതിന് പഞ്ചായത്തിൽ നിന്നും 136/18-19 നമ്പരായി ലൈസൻസ് (ലൈസൻസി- സോണി രവീന്ദ്രനാഥ്, സുരഭി, അങ്കമാലി) നൽകിയിട്ടുമുണ്ട്. ടി കെട്ടിടം പഞ്ചായത്ത് രേഖകളിൽ "ആശുപത്രി" എന്നാണുള്ളതെന്നും 2018-19 രണ്ടാം അർദ്ധവർഷത്തെ നികുതി അടവാക്കിയിട്ടില്ലായെന്നും നികുതി അടവാക്കുന്ന മുറയ്ക്ക് ലൈസൻസിനുള്ള നടപടി പരിഗണിക്കാവുന്നതാണെന്നും അപേക്ഷയെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ടിൽ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന് 933ച.അടി വിസ്തീർണമുള്ളതായി ലൈസൻസിനുള്ള അപേക്ഷയിൽ കാണുന്നു. വാണിജ്യസ്ഥാപനമെന്നനിലയിൽ മേൽ കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിന്റെയും തൻവർഷം നികുതി ഈടാക്കിയതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല (എൻക്വയറി നം-12/27.9.19). നികുതി നിർണയ വിവരങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ടി കെട്ടിടത്തെ ആശുപത്രി എന്നതിൽ നിന്ന് വേർതിരിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നികുതി കെട്ടിടയുടമയിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ഭവന നിർമ്മാണ ധനസഹായം - അവശ്യരേഖകൾ ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ ജൂഡി കുഞ്ഞുമോൻ എന്ന ഗുണഭോക്താവ് ഭവനനിർമാണ ധനസഹായമായി കൈപ്പറ്റിയിരുന്ന 140000/-രൂപ പലിശ സഹിതം (37590/-രൂപ) 28.12.2018 ൽ തിരികെ അടവാക്കുകയും ആയത് Other Receipts എന്ന ഹെഡിൽ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-6/20.9.19) -ഗുണഭോക്താവിന് ധനസഹായം നൽകിയതും 2016-17 വർഷം നടപ്പാക്കിയതുമായ ഭവനനിർമാണ പദ്ധതിയുടെ വിശദാംശങ്ങൾക്ക് (പ്രോജക്ട് നം/പേര്, ഫണ്ടിനം, അടങ്കൽ, ചെലവ്, നിർവ്വഹണ ഉദ്യോഗസ്ഥൻ, നിലവിൽ തുക നിക്ഷേപിച്ചിരിക്കുന്ന അക്കൌണ്ടിന്റെ വിവരങ്ങൾ) – മറുപടിയായി ആയത് തനത് ഫണ്ടുപയോഗിച്ച് വി.ഇ.ഒ നടപ്പാക്കിയ ജനകീയ ഭവന പദ്ധതി എന്ന പ്രോജക്ടാണെന്നും സാമ്പത്തിക പരാധീനതകൾ മൂലം വീടുപണി തുടരുവാൻ സാധിക്കാത്തതിനാൽ ഗുണഭോക്താവ് തുക തിരിച്ചടച്ചതാണെന്നും നിലവിൽ ടി തുക എസ്.ബി.എെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും ബന്ധപ്പെട്ട പ്രോജക്ട് ഫയലോ മറ്റനുബന്ധ രേഖകളോ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ തുക ചെലവഴിച്ചത് അപ്രകാരം തന്നെയാണോ എന്നുറപ്പാക്കുവാൻ സാധിച്ചിട്ടില്ല. മേൽ പദ്ധതിക്ക് തുക വകയിരുത്തിയത് തനത് ഫണ്ടിൽ നിന്നല്ലായെന്നുണ്ടെങ്കിൽ ടി ഗുണഭോക്താവ് തിരികെ അടവാക്കിയ ധനസഹായം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ട ബാധ്യത പഞ്ചായത്തിനുണ്ട്. ആയതിനാൽ ആവശ്യമായ രേഖകൾ ഹാജരാക്കി ഗുണഭോക്താവ് തിരികെ അടവാക്കിയ തുക പഞ്ചായത്തിനർഹതപ്പെട്ടത് തന്നെയാണെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-19 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 37/19 |
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>ഗവ.ആയർവ്വേദ ഡിസ്പെൻസറി, ചേരാനല്ലൂർ |
| അടങ്കൽ | രൂ. 3,00,000/- |
| ട്രഷറി ബിൽ | 2/18-19, തീയതി 04.02.2019 രൂ. 3,00,000/- |

ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിൽസാ വകുപ്പിന്റെ 02.11.2018 ലെ ഡി-2080/18 നമ്പറായി ലഭിച്ച നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചേരാനല്ലൂർ ആയർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിയുടെ 27.11.2018 ലെ പ്രൊപോർമ ഇൻവോയ്സ് നമ്പർ 65152 പ്രകാരം 300000 രൂപ 04.02.2019 ലെ ട്രഷറി ബിൽ നമ്പർ 02/18-19 മുഖേന പിൻവലിച്ച് ഔഷധിക്ക് നൽകുകയുണ്ടായി. ഔഷധിയുമായുള്ള 04.02.19 ലെ കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് സപ്ലൈ ചെയ്യേണ്ടതായിരുന്നുവെങ്കിലും താഴെ പറയും പ്രകാരം 261015 രൂപയ്ക്കുള്ള മരുന്ന് മാത്രമേ ഇതുവരെ ലഭ്യമാക്കിയിട്ടുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നമ്പർ | തീയതി | തുക | മരുന്ന് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | 90102897 | 18.02.19 | 64406 | 26.02.19 |
| 2 | 90105814 | 28.02.19 | 8568 | 18.03.19 |
| 3 | 90108527 | 18.03.19 | 29511 | 07.04.19 |
| 4 | 90111768 | 31.03.19 | 122518 | 21.04.19 |
| 5 | 90115156 | 31.05.19 | 4082 | 13.06.19 |
| 6 | 90119360 | 29.06.19 | 14646 | 23.07.19 |
| 7 | 90124509 | 29.07.19 | 17284 | 03.09.19 |
| | | ആകെ | 261015 | |

ഈ പദ്ധതിയിൽ 38,985 രൂപയുടെ മരുന്ന് കൂടി ലഭിക്കാനുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27-09-2019 ലെ 13-ആം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയിൽ 38985 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ

ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ വിവിധ പദ്ധതികൾക്കായി പദ്ധതി രൂപീകരണത്തിലും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലും വ്യാപകമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. 29.01.2018 ലെ സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം 2018-19 മുതലുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബാക്കി 4 വർഷത്തേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ പല നിർദ്ദേശങ്ങളും പഞ്ചായത്തിൽ പാലിച്ചിട്ടില്ല. പദ്ധതി രൂപീകരണം, ഗുണഭോക്തൃതെരഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ഗുരുതരമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമസഭയിൽ അച്ചടിച്ച് നൽകുന്നതിനാവശ്യമായ വിവരങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതികളുടെ ചെലവ് കണക്കുകൾ ഫോറം-4 ൽ തയ്യാറാക്കി തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണം. തൻ വർഷത്തെ പദ്ധതികൾ ഫോറം-5ലും അടുത്ത വർഷത്തെ പദ്ധതികൾ ഫോറം-6ലും അവതരിപ്പിക്കണം. ഇത് അച്ചടിച്ച് ഗ്രാമസഭകളിൽ വിതരണം ചെയ്യണം. പഞ്ചായത്തിലെ ഒരു ഗ്രാമസഭയിൽ പോലും ഇങ്ങനെ ചെയ്തതായി രേഖകളില്ല. കൂടാതെ പദ്ധതി നിർവഹണത്തിന് ശേഷം പദ്ധതികൾ ഫലപ്രദമായി മോണിട്ടർ ചെയ്യണം എന്ന നിർദ്ദേശവും പാലിക്കപ്പെട്ടില്ല.

2. ഗ്രാമസഭ തീരുമാനം അപ്പോൾ തന്നെ എഴുതി പങ്കെടുത്ത 15 പേർ ഒപ്പ് രേഖപ്പെടുത്തണം. ഗ്രാമസഭയുടെ ഫോട്ടോഗ്രാഫുകൾ അതാത് മിനിട്സ് ബുക്കുകളിൽ ഒട്ടിച്ച് വയ്ക്കണം. ഇവ രണ്ടും നടപ്പിലായിട്ടില്ല. ഗ്രാമസഭയുടെ കാര്യപരിപാടികൾ അനുബന്ധം-3 പ്രകാരം നടക്കണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടില്ല എന്നാണ് മിനിട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമായത്. സംയുക്ത പദ്ധതികൾ സംബന്ധിച്ച് ജില്ലാ-ബ്ളോക്ക് പഞ്ചായത്തുകളുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയതായോ ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരെ ഗ്രാമസഭയിലേക്ക് ക്ഷണിച്ചതായോ അവർ പങ്കെടുത്തതായോ കാണുന്നില്ല. ആയത് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വറിയുടെ മറുപടിയിലും അവർ പങ്കെടുത്തു എന്നതിന് തെളിവുകൾ നൽകിയിട്ടില്ല.

3. ഏറ്റവും അധികം അപാകതകൾ ഉള്ളത് ഗുണഭോക്തൃതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ്. ഗുണഭോക്താക്കളുടെ അപേക്ഷകൾ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പിന്നീട് ഗുണഭോക്താക്കൾക്ക് ആക്ഷേപമുന്നയിക്കാൻ 10 ദിവസത്തെ സമയം നൽകി ആയതും പരിഗണിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് തയ്യാറാക്കണം. പ്രസ്തുത ലിസ്റ്റാണ് ഗ്രാമസഭ പരിഗണിച്ച് മുൻഗണനക്രമത്തിൽ അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനക്ക് വിടുന്നത്. എന്നാൽ ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമല്ല നടന്നത്. ഗുണഭോക്തൃ ലിസ്റ്റ് മാർക്കടിസ്ഥാനത്തിലല്ല തയ്യാറാക്കിയതെന്നും ഗ്രാമസഭ യോഗത്തിൽ ലിസ്റ്റ് വായിച്ച് മുൻഗണന നിശ്ചയിക്കുകയുമാണ് ചെയ്യുതെന്നും ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നലകിയിട്ടുണ്ട്. ഗ്രാമസഭ നിശ്ചയിച്ച ലിസ്റ്റിന്റെ മുൻഗണനക്രമം മാറ്റാൻ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമില്ല എന്നും അനർഹർ ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ട് എന്ന് തെളിഞ്ഞാൽ അവരെ ഒഴിവാക്കാൻ ഗ്രാമസഭയുടെ സാധൂകരണം മതിയെന്നും എന്നാൽ അർഹരെ ഉൾപ്പെടുത്തുന്നതിന് ഗ്രാമസഭയുടെ അംഗീകാരം വേണമെന്നും സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ലംഘനങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(എ)- വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഓട്ടോറിക്ഷ നൽകൽ, ജനറൽ (പ്രൊ.നം-27/19) എന്ന പ്രൊജക്റ്റിനുവേണ്ടി ആദ്യം നൽകിയ ഗുണഭോക്തൃ ലിസ്റ്റിലെ ശ്രീ ജോഷി.വി.സി എന്ന വ്യക്തി സ്വന്തമായി ഓട്ടോറിക്ഷയുള്ള വ്യക്തിയാണെന്ന് തെളിഞ്ഞതിനാലും ശ്രീ അനിൽ കുമാർ എം.എൽ എന്ന വ്യക്തി പദ്ധതിയോട് താത്പര്യമില്ലാത്ത വ്യക്തിയായതിനാലും 29.01.2019 ലെ 1(10) തീരുമാന പ്രകാരം ഒരു അഡീഷണൽ ലിസ്റ്റ് തയ്യാറാക്കി നൽകി. പ്രസ്തുത ലിസ്റ്റിലെ ശ്രീ ആന്റണി തൈത്തറ എന്ന വ്യക്തി വാർഡ് 11 ലെ ഗ്രാമസഭ ലിസ്റ്റിലെ മുൻഗണന പ്രകാരം മൂന്നാമതാണ്. ഒന്നാം പേര് കാരനായ ശ്രീ ചാനു.എ.എസ്, രണ്ടാം പേര് കാരനായ ശ്രീ രാജേഷ് എന്നിവരെ ഏത് സാഹചര്യത്തിലാണ് പരിഗണിക്കാതിരുന്നത് എന്ന് വ്യക്തമല്ല. മാത്രമല്ല, നേരത്തെ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് സ്വന്തമായി ഓട്ടോറിക്ഷ ഉണ്ടെന്നോ, പദ്ധതിക്ക് താത്പര്യമില്ല എന്നോ തെളിയിക്കുന്ന അന്വേഷണ റിപ്പോർട്ടോ ഗുണഭോക്താവിന്റെ കത്തോ കൂടാതെയെടുത്ത മേൽ തീരുമാനത്തിനും ഒട്ടും സുതാര്യതയില്ല.

(ബി)- വി.ഇ.ഒ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഓട്ടോറിക്ഷ നൽകൽ, വനിത (പ്രൊ.നം-24/19 ) എന്ന പ്രൊജക്റ്റിനുവേണ്ടി ആദ്യം അംഗീകരിച്ച മൂന്ന് പേരിൽ രണ്ട് പേർക്ക് ഡ്രൈവിംഗ് ലൈസൻസ് പോലും ഇല്ലായിരുന്നു. ആയതിനാൽ മൂന്നാമത്തെ ഗുണഭോക്താവിനാണ് ധനസഹായം നൽകിയത്. സ്വന്തമായി ലൈസൻസ് ഇല്ലാത്തവരും സ്വന്തമായി വാഹനം ഉള്ളവരുമൊക്കെ ലിസ്റ്റിൽ വരുന്നത് പ്രസ്തുത ലിസ്റ്റുകളൊന്നും ഗ്രാമസഭയിൽ പൊതു ചർച്ചക്ക് വരുന്നില്ല എന്ന ഗുരുതരമായ വിഷയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

(സി)- അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിന് ഫർണ്ണിച്ചർ (പ്രൊ.നം-42/19 ) എന്ന പ്രൊജക്റ്റിൽ 40 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയത്. 04.10.2018 ലെ 1(26) ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 44 പേരാണ് ഉള്ളത്. എന്നാൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് 17 പേർക്ക് മാത്രമാണ് ഫർണ്ണിച്ചർ നൽകിയത്. ബാക്കി 23 വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവരാണ്. പല വാർഡുകളിലെയും ഗ്രാമസഭ മുൻഗണന ലിസ്റ്റിൽ പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും അവരെ പരിഗണിക്കാതെയാണ് ഗ്രാമസഭ ലിസ്റ്റിൽ പേര് പോലും ഇല്ലാത്തവരെ ഉൾപ്പെടുത്തിയത്. ഉദാഹരത്തിന് 12-ാം വാർഡിൽ ഗ്രാമ സഭയിലെ ക്രമ നം.5, 6 എന്നീ നമ്പരുകളിലായി മുൻഗണന ലിസ്റ്റിലുള്ള ശ്രീ രാജൻ പുളിതപ്പറമ്പ്, ശ്രീമതി അതുല്യ കൃഷ്ണരാജ് നിരവത്ത് എന്നിവരെ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഇവരടക്കം ആകെ 6 ഗുണഭോക്താക്കളുള്ള പ്രസ്തുത വാർഡിൽ 9 പേർക്കാണ് ഫർണ്ണിച്ചർ നൽകിയത്. അതായത് ധനസഹായം നൽകിയ 5 പേർ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. മറ്റൊരു അപാകത, ആകെ ഫർണ്ണിച്ചർ നൽകിയതിൽ 9 പേർ വാർഡ് 12 ൽ നിന്നുള്ളവരും 13 പേർ വാർഡ് 10 ൽ നിന്നുള്ളവരുമാണ്. അതായത് പഞ്ചായത്തിൽ ആകെ നൽകിയ ഫർണ്ണിച്ചർ വിതരണത്തിലെ 55 ശതമാനം മേൽ രണ്ട് വാർഡുകളിലുമാണ് വിതരണം ചെയ്തത്. മാത്രമല്ല, വാർഡ് 1, 4, 9, 14, 15, 16, 17 എന്നീ വാർഡുകളിൽ നിന്ന് ആർക്കും ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടില്ല എന്നാണ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്. മുകളിൽ സൂചിപ്പിച്ച പദ്ധതി മാർഗ്ഗരേഖ 11.3.12 , എന്നിവ പ്രകാരം ഓരോ വാർഡിലെയും അപേക്ഷകരുടെ

എണ്ണത്തിന് ആനുപാതികമായി വേണം ആനുകൂല്യം നൽകേണ്ടത്. അതെങ്ങനെയാണ് കണക്കാക്കേണ്ടത് എന്ന് 11.3.13 ൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്.ഗ്രാമസഭ ലിസ്റ്റിൽ വരുന്ന ആളുകളിൽ അർഹരായവരെ മുഴുവൻ ഉൾപ്പെടുത്തിയ ലിസ്റ്റ് തന്നെ വേണം പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കാൻ. പ്രസ്തുത ലിസ്റ്റ് അതു പോലെ തന്നെ നിർവഹണ ഉദ്യോഗസ്ഥന് കൈമാറണം. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് പഞ്ചായത്ത് ഭരണസമിതി ലിസ്റ്റ് ചുരുക്കുന്നത് സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.

(ഡി)- ഐ.സി.ഡി.എസ് സൂപ്പർ വൈസർ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ (പ്രൊ.നം-88/18) പഞ്ചായത്ത് 273 പേരുടെ ലിസ്റ്റാണ് നൽകിയത്. 170 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയത്. ഇവിടെയും മുൻഗണന അനുസരിച്ചല്ല നൽകിയത്. എന്തുകൊണ്ടാണ് ക്രമനമ്പരിൽ മുന്നിലുള്ളവരെ പരിഗണിക്കാതിരുന്നതിന് വ്യക്തമായ കാരണവും രേഖപ്പെടുത്തിയിട്ടില്ല.

4. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലും പഞ്ചായത്ത് ഭരണസമിതി കാലതാമസം വരുത്തിയിട്ടുണ്ട്. 18.04.2018 ലാണ് പഞ്ചായത്തിന്റെ പദ്ധതികൾക്ക് ജില്ലാ പ്ളാനിംഗ് കമ്മിറ്റിയിൽ നിന്ന് അംഗീകാരം കിട്ടുന്നത്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ഗ്രാമസഭ ചേർന്നത് 2018 ജൂലായ് മാസത്തിലാണ്. ഗുണഭോക്താക്കളെ പഞ്ചായത്ത് സമിതി അംഗീകരിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയത് 2018 ഓക്ടോബർ മാസത്തിലാണ്. ചെറിയ ഗുണഭോക്തൃലിസ്റ്റുകളായത് കൊണ്ട് അഡീഷൽ ലിസ്റ്റ് ഭരണസമിതിക്ക് അംഗീകരിച്ച് നൽകേണ്ടിവന്നു. ആയത് നൽകിയത് 2018 ഡിസംബർ, 2019 ജനവരി മാസങ്ങളിലാണ്. പല നിർവഹണ ഉദ്യോഗസ്ഥരും ഗുണഭോക്തൃലിസ്റ്റ് ലഭിക്കാത്തതിനാൾ പദ്ധതി നടപ്പാക്കാനാകുന്നില്ല എന്ന് സൂചിക്കുന്ന കത്തുകൾ ഭരണസമിതിക്ക് നൽകിയിട്ടുണ്ട്. ചുരുക്കത്തിൽ പദ്ധതി നിർവഹണം ത്വരിതഗതിയിലാക്കാൻ ഉദ്ദേശിച്ച് സർക്കാർ നടപ്പിലാക്കിയ പരിഷ്കരണങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. അതോടൊപ്പം ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ അപാകതകൾ പഞ്ചായത്ത് വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-21 മരാമത്തുപണികളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 9(ബി) ൽ മതിപ്പ് ചെലവ് 10 ലക്ഷം രൂപയ്ക്കും 50 ലക്ഷം രൂപയ്ക്കും ഇടയ്ക്കുവരുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ കുറഞ്ഞത് 20 ദിവസത്തെ സമയം നൽകി സംസ്ഥാനത്തുടനീളം പ്രചാരത്തിലുള്ള രണ്ട് മലയാള പത്രങ്ങളിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഈ പരിധിയിൽ വരുന്ന പല മരാമത്ത് പണികളിലും സിംഗിൾ ടെണ്ടർ ലഭിക്കുകയോ യാതൊരു ടെണ്ടറും ലഭിക്കാതെ പോവുകയോ ആണ് ചെയ്യുന്നത്. 2018-19 വർഷം ഒന്നോ രണ്ടോ പ്രവൃത്തികളിലൊഴികെ മറ്റൊന്നിലും മൽസരാധിഷ്ഠിത ടെണ്ടർ ലഭിച്ചിട്ടില്ല. പരസ്യത്തിന്റെ അഭാവത്താലല്ല പല പ്രവൃത്തികളുടെയും ടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് ടെണ്ടർ നടപടികൾ പരസ്യം ചെയ്തതിന്റെ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 20-09-2019 ലെ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മുഖേന ലഭ്യമാക്കിയ 24-09-2019 ലെ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിരിക്കുന്നത് പരസ്യം നൽകുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകുകയാണ് ചെയ്യുന്നത് എന്നാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് മരാമത്ത് പണികളുടെ ടെണ്ടറുകൾക്ക് മതിയായ പരസ്യം നൽകുന്നില്ല എന്നാണ്. ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിനും മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിനുമായി ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടും ആയതിന്റെ പ്രയോജനം പഞ്ചായത്തിന് ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രമിക്കുന്നില്ല.

സിംഗിൾ ടെണ്ടർ ലഭിക്കുന്ന സന്ദർഭങ്ങളിൽ മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കാതെ പോയതിന്റെ സാഹചര്യം സൂക്ഷ്മമായി വിലയിരുത്തണമെന്നും അപ്രകാരം കൂടുതൽ ടെണ്ടറുകളെ തടയുന്ന എന്തെങ്കിലും വ്യവസ്ഥകൾ ടെണ്ടറുകളിൽ അടങ്ങിയിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിന് ആവശ്യമായ പരിശോധന നടത്തണണമെന്നും 30-07-2015ലെ സർക്കാർ ഉത്തരവ്(പി) 324/2015/ധന. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. അത്തരത്തിൽ ഗ്രാമപഞ്ചായത്തിലെ ടെണ്ടറുകളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭ്യമാകാത്ത സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടില്ല. ടെണ്ടർ വിവരം കൂടുതൽ പേരിലേക്ക് എത്തുന്നതിന് ചട്ടപ്രകാരമുള്ള പരസ്യം നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-22 മാലിന്യ നിർമ്മാർജ്ജനം-നിർദ്ദേശങ്ങൾ

ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ജൈവ അജൈവ മാലിന്യ നിർമ്മാർജ്ജനമാണ്. പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം കൊച്ചി നഗരസഭയോട് ചേർന്നാണെന്നത് തന്നെയാണ് പ്രശ്നം രൂക്ഷമാകുന്നതിന്റെ പ്രധാന കാരണം. ഒരു നഗരസഭ പ്രദേശത്ത് കണ്ടുവരുന്നതിന് തുല്യമായ ഖരമാലിന്യം പഞ്ചായത്തിലുണ്ടാകുന്നു. അതേ സമയം ആയത് നീക്കം ചെയ്യാൻ നഗരസഭകളുള്ളതുപോലുള്ള മനുഷ്യ വിഭവശേഷിയോ സ്ഥലമോ പഞ്ചായത്തിനില്ലെന്നതും വസ്തുതയാണ്. ഏറെക്കുറെ നഗരവത്കരിക്കപ്പെട്ട പഞ്ചായത്ത് നിവാസികളുടെ മാലിന്യത്തോടൊപ്പം മറ്റു സ്ഥലങ്ങളിലെ മാലിന്യവും പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി നിക്ഷേപിക്കപ്പെടുന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഇങ്ങനെ റോഡരികിൽ തന്നെ അനധികൃതമായി മാലിന്യം നിക്ഷേപിക്കപ്പെടുന്ന ഒട്ടേറെ സ്ഥലങ്ങൾ പരിശോധനയിൽ കാണാൻ കഴിഞ്ഞു. അതീവ രൂക്ഷമായ മേൽ പ്രശ്നം തികച്ചും ശാസ്ത്രീയമായ സമീപനത്തിൽ കൂടി മാത്രമേ പരിഹരിക്കാൻ കഴിയൂ. മാത്രമല്ല നിരന്തര തുടർപ്രവർത്തനങ്ങളും നിരീക്ഷണവും ആവശ്യവുമാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനം, സംസ്കരണം എന്നിവയിൽ സമഗ്രമായ ഒരു സമീപനം കൈക്കൊണ്ട് അതിനനുസൃതമായി പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

**പ്ലാസ്റ്റിക് മാലിന്യം -**

പ്ലാസ്റ്റിക് മാലിന്യത്തെ സംബന്ധിച്ച് ആയതിന്റെ ഉപയോഗം കുറക്കുക, പരമാവധി പുനരുപയോഗിക്കുക, മറ്റ് ഉത്പന്നങ്ങളിൽ ഉപയോഗിക്കുക ( reduce,reuse,recycle ) എന്ന മൂന്ന് രീതികൾ മാത്രമാണ് നടപ്പിലാക്കാൻ കഴിയുന്നത്. പല വികസിത രാഷ്ട്രങ്ങളിലും ഉപയോഗിക്കുന്നതും ഇത്തരം രീതികളാണ് (ജർമ്മനിയിൽ 56 ശതമാനം മുനിസിപ്പൽ മാലിന്യങ്ങളും റിസൈക്കിൾ ചെയ്യുന്നു). നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് ആൻഡ് പഞ്ചായത്ത് രാജ് (national institute of rural development & panchayati raj ) എന്ന സർക്കാർ സ്ഥാപനം practicable models of solid waste management എന്ന പേരിൽ നടത്തിയ പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന ചില കാര്യങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നു. പ്ളാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് വ്യക്തമായ ഒരു ബൈലോ തയ്യാറാക്കേണ്ടതാണെന്നും ആയതിന് വേണ്ടിയുള്ള ഒരു മോഡൽ ബൈലോ സ്ഥാപനത്തിന്റെ വെബ്സൈറ്റായ www.nirdpr.org.in ൽ ചേർത്തിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബൈലോയിൽ അവശ്യം വേണ്ട മാറ്റങ്ങൾ വരുത്തി പഞ്ചായത്തിന് സ്വന്തമായി ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പ്ലാസ്റ്റിക് മാലിന്യത്തിലെ ഏറ്റവും അപകടകാരിയായ വസ്തു ഒരു തവണ മാത്രം ഉപയോഗിക്കുന്ന കാരി ബാഗുകളാണ്. (throw away carry bag). ആയതിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും പകരം വീണ്ടും ഉപയോഗിക്കാവുന്ന തുണി സഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും വേണം. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെ-219 (W),(എ) പ്രകാരം വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെ ഏറ്റവും കുറഞ്ഞവില വിജ്ഞാപന പ്രകാരം നിശ്ചയിക്കാവുന്നതാണ്. സാമാന്യത്തിൽ ഉയർന്ന നിരക്ക് നിശ്ചയിക്കുന്നത് ആയതിന്റെ ഉപയോഗം കുറക്കാൻ സഹായകമാകും. കേരളത്തിലെ പല തദ്ദേശഭരണസ്ഥാപനങ്ങളും ഇത്തരത്തിൽ ഉയർന്ന വില നിശ്ചയിച്ചിട്ടുണ്ട്. മേൽ ആക്റ്റിലെ സെക്ഷൻ-219 (W),(ബി) പ്രകാരം ലൈസൻസിന് വേണ്ടി അപേക്ഷിക്കുന്ന വ്യക്തി അദ്ദേഹത്തിന്റെ സ്ഥാപനത്തിൽ പ്ലാസ്റ്റിക് സഞ്ചി വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ വിവരം ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും പ്രസ്തുത കാലയളവിൽ വിൽക്കാനുദ്ദേശിക്കുന്ന ഏകദേശം അളവിന് അനുസൃതമായി പഞ്ചായത്തിന് അധിക ഫീസ് ഈടാക്കാവുന്നതുമാണ്. മേൽ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ 1986 ലെ പരിസ്ഥിതി സംരക്ഷണ) ആക്റ്റിലെ ചട്ടങ്ങൾ പ്രകാരം സെക്രട്ടറിക്ക് തുടർ നടപടികൾ സ്വീകരിക്കാം എന്നും മേൽ നിയമത്തിലെ സെക്ഷൻ 219 (W),(ഡി)യിൽ സൂചിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് അടിയന്തിരമായി പ്രവർത്തന സജ്ജമാക്കേണ്ടതാണ്. പ്രസ്തുത ഉപകരണത്തിന് ഒരു ദിവസം ഒരു ടൺ പ്ലാസ്റ്റിക് ഗ്രാന്യൂളുകളാക്കാനുള്ള ശേഷിയുണ്ടെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിൽ ഒരു ദിവസം എത്ര അളവിൽ പ്ലാസ്റ്റിക് മാലിന്യം ഉണ്ടാകുമെന്നതിന് കൃത്യമായ കണക്കില്ല. ഏങ്കിലും ആയത് പ്രവർത്തനസജ്ജമാകുന്നതോടെ വലിയൊരളവിൽ മേൽ പ്രശ്നത്തിന് പരിഹാരമാകും. പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ സിമന്റടക്കമുള്ള പല ഉത്പന്നങ്ങളുടെയും അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുന്നുണ്ട്. കൂടാതെ റോഡ് ടാറിംഗിലും പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ ഉപയോഗിക്കാൻ കഴിയും. കേരള സർക്കാരിന്റെ 2018-19 ലേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ( സ.ഉ.(കൈ) നം.11/2018/ ത.സ്വ.ഭ.വ ) 7.13 ൽ സൂചിപ്പിച്ചിട്ടുള്ളത് നാറ്റ് പാക് ( national transportation planning & research centre ) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക് ടാറിൽ ചേർത്താണ് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യേണ്ടത് എന്നാണ്. മേൽ വിഷയത്തിൽ വളരെ ഗഹനമായ പഠനം നടത്തിയ സ്ഥാപനമാണ് നാറ്റ് പാക്. ചുവടെ ചേർത്തിരിക്കുന്ന മൂന്ന് പഠന റിപ്പോർട്ടുകളിൽ നിന്ന് റോഡ് ടാറിംഗിനാവശ്യമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

1. Demonstration project on the use of plastic waste for road construction and study on its suitability to kerala condition.

2. Study on the use of waste plastics for road construction-an evaluation of roads surface with bituminous mix using plastic coated aggrigates in kerala.

3. Use of waste plastic in the subgrade layer of flexible pavement.

**ജൈവ മാലിന്യം -**

പഞ്ചായത്തിലെ ജൈവ മാലിന്യം കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരം മാലിന്യ നിർമ്മാർജ്ജന പ്ളാന്റിലാണ് നിക്ഷേപിക്കുന്നത്. 2018 ജൂലൈ മുതൽ നവംബർ വരെ പഞ്ചായത്ത് ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിച്ച അജൈവ മാലിന്യത്തിന്റെ അളവ് കണക്കാക്കിയാൽ പഞ്ചായത്തിൽ ഒരു മാസം 90.496 ടൺ മാലിന്യം ശരാശരി ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. വളരെയധികം മാലിന്യം ഇപ്പോഴും റോഡുകളിൽ നിക്ഷേപിക്കപ്പെടുന്നതിനാൽ യഥാർത്ഥ കണക്ക് ഇതിനേക്കാൾ കൂടുതലായിരിക്കും. എന്നിരുന്നാലും പ്രതിദിനം 3.5 മുതൽ 4 ടൺ വരെ ജൈവ മാലിന്യം പഞ്ചായത്തിൽ ഉണ്ടാകുന്നുണ്ട് എന്ന് കണക്കാക്കാവുന്നതാണ്. പഞ്ചായത്ത് ഈ വിഷയത്തിൽ എത്രയും വേഗം തീരുമാനമെടുക്കേണ്ടതുണ്ട്. ബ്രഹ്മപുരത്തെ മാലിന്യ നിക്ഷേപം ശാശ്വതമല്ല എന്ന് ഓർമ്മിപ്പിക്കുന്നു. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനത്തെപ്പറ്റി ദേശീയ ഗ്രീൻ ട്രൈബ്യൂണൽ ശക്തമായ വിമർശനം ഉന്നയിച്ചതും പ്ലാന്റിലെ സ്ഥലം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യനിക്ഷേപത്താൽ നിറഞ്ഞ് കൊണ്ടിരിക്കുന്നതും കണക്കിലെടുക്കുമ്പോൾ ബദൽ സംവിധാനം എത്രയും വേഗം നടപ്പിലാക്കേണ്ട സാഹചര്യമാണ് ഉള്ളത്. മുൻ വർഷങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ ബയോഗാസ് പ്ലാന്റ് ഇപ്പോഴും പ്രവർത്തനക്ഷമമായിട്ടില്ല. പ്ലാന്റിന്റെ ക്ഷമത എത്രയാണെന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂചിപ്പിച്ചിട്ടില്ല. കാലടി ഗ്രാമപഞ്ചായത്തിൽ ഇത്തരമൊരു ബയോഗ്യാസ് പ്ലാന്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജൈവമാലിന്യത്തിന്റെ ഉറവിടസംസ്കരണം പ്രോത്സാഹിപ്പിക്കുകയും ആയതിന് അനുകൂലമായ വ്യക്തിഗത പദ്ധതികൾ രൂപീകരിക്കുകയോ വാർഡ് തിരിച്ച് പൊതു ബയോഗ്യാസ് പ്ലാന്റുകൾ രൂപീകരിക്കുകയോ വേണം. വ്യക്തി ശുചിത്വത്തോടൊപ്പം സാമൂഹ്യശുചിത്വവും പ്രധാനപ്പെട്ടതാണെന്ന ബോധം ജനങ്ങളിൽ പ്രചരിപ്പിക്കാൻ ഗ്രാമസഭ ഉപയോഗിക്കണം. മാലിന്യം കൈകാര്യം ചെയ്യൽ തദ്ദേശഭരണസ്ഥാപനത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല, പൊതുജനത്തിനും ഉത്തരവാദിത്തമുണ്ടെന്നും അലക്ഷ്യമായ മാലിന്യനിക്ഷേപത്തിന് തടവും വൻതുക പിഴശിക്ഷയും ലഭിക്കാം എന്ന ഹരിത ട്രൈബ്യൂണൽ നിർദ്ദേശം സംബന്ധിച്ച് വ്യപക ബോധവത്കരണം നടത്തുകയും വേണം. മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവരെ കുറ്റവും ശിക്ഷയും പഠിപ്പിക്കാൻ ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഹരിത നിയമ സദസ്സ് പഞ്ചായത്തിൽ പരമാവധി ആളുകളെ പങ്കെടുപ്പിച്ച് കൊണ്ട് ഒന്നിലധികം സ്ഥലങ്ങളിൽ നടത്തുന്നത് അഭികാമ്യമായിരിക്കും.

ഇത്തരത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടും പിന്നെയും പൊതുസ്ഥലങ്ങളിൽ മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സി.സി.ടി.വി.കാമറകൾ സ്ഥാപിച്ച് അത്തരം പൊതുസ്ഥലങ്ങൾ നിരീക്ഷിക്കേണ്ടതാണ് (വിശദാംശങ്ങൾ ഖ-1-13 ൽ സൂചിപ്പിച്ചിട്ടുണ്ട്). വീടുകളിലും ഫ്ലാറ്റുകളിലും സ്ഥാപനങ്ങളിൽ നിന്നും മാലിന്യ സംസ്കരണം സാധ്യമല്ലാത്ത വ്യക്തികളിൽ നിന്ന് പഞ്ചായത്തിന് മാലിന്യം സ്വീകരിച്ച് സംസ്കരിക്കാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം തരംതിരിച്ച് പഞ്ചായത്തിന് നൽകാൻ ആവശ്യപ്പെടേണ്ടതും അങ്ങനെ ചെയ്യാതിരുന്നാൽ ഹരിത ട്രൈബ്യൂണൽ വിധി പ്രകാരം 5 വർഷം വരെ തടവും 1 ലക്ഷം പിഴയും ലഭിക്കാവുന്ന കുറ്റമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുമാണ് (ഏലൂർ നഗരസഭയിൽ ജൈവ അജൈവ മാലിന്യം വേർതിരിക്കാൻ മികച്ച സംവിധാനമുണ്ട്). അനധികൃത ഇറച്ചി മീൻ വ്യാപാരം കണ്ടെത്തി നിയന്ത്രിക്കുക, തെരുവ് കച്ചവടക്കാരുടെ മാലിന്യ നിക്ഷേപം നിരീക്ഷിക്കുക എന്നിവയോടൊപ്പം സമ്മേളന ഹാളുകൾ, ചന്തകൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവടങ്ങളിലെ അശാസ്ത്രീയ മാലിന്യ സംസ്കരണം എന്നിവ മിന്നൽ പരിശോധനകളിലൂടെ നിരീക്ഷിക്കേണ്ടതാണ്. 100 പേരിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടോ എന്നുള്ളതും 2500 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനം ഉണ്ടോ എന്നുള്ളതും കർശന നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചവയെല്ലാം പൊതുജനപങ്കാളിത്തത്തോടും സഹകരണത്തോടും കൂടി മാത്രമേ നടത്താൻ കഴിയൂ എന്നും ഓർമ്മിപ്പിക്കുന്നു. മനപൂർവ്വം അനധികൃത മാലിന്യ നിക്ഷേപം ആവർത്തിക്കുന്നവരിൽ നിന്ന് വൻതുക പിഴ ഈടാക്കാനുള്ള സംവിധാനം ബൈലോയിൽ ഒരുക്കുന്നത് നല്ലതാണ്.

നിലവിൽ മാലിന്യ സംസ്കരണത്തിനായി പൊതുജനങ്ങളിൽ നിന്നും തുക പിരിക്കുന്നുണ്ട്. എന്നാൽ ആയതിന് യാതൊരു രസീതും നൽകുന്നില്ല എന്ന് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനം 5 ൽ

കാണുന്നു(25.07.2018). രസീത് നൽകാത്ത, പഞ്ചായത്ത് ഭരണസമിതിക്ക് നിയന്ത്രണമില്ലാത്ത പണപ്പിരിവ് അനധികൃത പിരിവിന്റെ ഗണത്തിലാണ് വരുന്നത്. അതിനാൽ ഈ രീതി അവസാനിപ്പിക്കേണ്ടതാണ്. 2017-18 കാലഘട്ടത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് നടത്തിയ ഫീസ് കളക്ഷനിൽ 18,08,890 രൂപ പിരിച്ചെടുത്തിരുന്നു. ഇത്ര വലിയ തുക യാതൊരു രേഖയും പൊതുജനത്തിന് നൽകാതെ പിരിച്ചെടുക്കാൻ ആരെയും അനുവദിക്കാൻ പാടില്ല. മാലിന്യ സംസ്കരണം പഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയാണ്. അതിന് വേണ്ടി ഏത് ഏജൻസികളുമായും സഹകരിക്കാവുന്നതുമാണ്. ആയതിന് വേണ്ടി കേരള പഞ്ചായത്ത് രാജ് സെക്ഷൻ -219[ V( B)] പ്രകാരം ഫീസ് ഈടാക്കാവുന്നതുമാണ്. എന്നാൽ ആയതിന് കൃത്യമായ രസീത് നൽകേണ്ടതും പ്രസ്തുത വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-23 വിവിധ പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ

1. അങ്കണവാടി കുട്ടികൾക്കായി 2018-19 സാമ്പത്തിക വർഷം 5,72,818 രൂപക്കുള്ള അമൃതം ന്യൂട്രീഷൻ മിക്സ് വാങ്ങി നൽകിയിട്ടുണ്ട്. ആയതിന്റെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുമ്പോൾ വിവിധ കുട്ടികളുടെ തുകയിൽ വരുന്ന വ്യത്യാസം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

2. 16.12.2014 ൽ പഞ്ചായത്തിന്റെ കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ടിൽ വെറ്ററിനറി സബ് സെന്റർ നിർമ്മാണത്തിനായി ലഭിച്ച 4,50,000 രൂപ ഇതുവരെ ചെലവ് ചെയ്തിട്ടില്ല. കൂടാതെ 06.04.2016 ൽ മേൽ അക്കൌണ്ടിൽ എസ്.സി ഫ്ളാറ്റ് നിർമ്മാണത്തിനായി 12,37,115 രൂപ ബ്ളോക്ക് ഷെയറായി ലഭിച്ചതായി കാണുന്നു.ആയതിന്റെ നിർമ്മാണവും ആരംഭിച്ചിട്ടില്ല. വെറ്ററിനറി സബ്സെന്റർ നിർമ്മാണത്തിനായി ഉദ്ദേശിച്ച സ്ഥലം തീരദേശ നിയന്ത്രണ പരിധിയിൽ (costal regulation zone) വരുന്നതിനാലാണ് നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതെന്ന് പഞ്ചായത്ത് മറുപടിയിൽ അറിയിച്ചു. പട്ടിക ജാതിക്കാർക്കായുള്ള ഫ്ളാറ്റ് നിർമ്മാണത്തിനായി വാങ്ങിയ സ്ഥലത്തേക്കുള്ള വഴിക്ക് ആവശ്യത്തിന് വീതിയില്ലാത്തതിനാൽ ടൗൺ പ്ലാനിംഗ് അധികൃതരിൽ നിന്ന് അനുമതി ലഭിക്കുന്നില്ല എന്നും പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലേയും നിർവഹണത്തിലേയും അപാകതകളിലേക്കാണ് മേൽ സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. തീരദേശ നിയന്ത്രണ പരിധിയിൽ കെട്ടിടം നിർമ്മിക്കാൻ കഴിയില്ലെന്നിരിക്കെ 5 വർഷമായിട്ടും പുതിയൊരു സ്ഥലം കണ്ടെത്തി നിർമ്മാണം ആരംഭിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പട്ടിക ജാതിക്കാർക്കായുള്ള ഫ്ളാറ്റ് നിർമ്മാണത്തിനായുള്ള സ്ഥലത്തിന് സമീപത്ത് നിന്ന് പ്രസ്തുത സ്ഥലത്തേക്ക് വീതി ലഭ്യമാകുന്ന തരത്തിൽ സ്ഥലം കിട്ടാൻ സാധ്യതയുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. മറ്റു പല വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്ന പൊതു പണമാണ് ഇങ്ങനെ ഉപയോഗിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് എന്ന് പഞ്ചായത്ത് അധികൃതരെ ഓർമ്മിപ്പിക്കുന്നു. മേൽ പദ്ധതികൾ നടപ്പാക്കാൻ യാതൊരു ബദൽ മാർഗ്ഗങ്ങളും സാധ്യമല്ലെങ്കിൽ തുക സർക്കാരിലേക്ക് തിരിച്ചടക്കാൻ നിർദ്ദേശിക്കുന്നു.

## 1-24 പെർമിറ്റ് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും ( നം -16/28.9.19) ലഭ്യമാക്കാത്ത താഴെപ്പറയുന്ന പെർമിറ്റ് ഫയലുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നം. തീയതി |
|---|---|---|
| 1 | വത്സല മേനോൻ, ദുർഗ,ദിനേശ് കൃപ , പെരുമാനൂർ | C4 71498/18, 17.4.18 |
| 2 | അബിത, ചേരാനല്ലൂർ | C4 81885/18, 28.4.18 |
| 3 | ലത ജോണി, ബ്രിജിത്ത് അഗസ്റ്റിൻ, ചേരാനല്ലൂർ | C4 263846/18, 12.11.18 |
| 4 | ഷെറിൻ ഹാഷിം | C4 284911/18, 7.12.18 |
| 5 | ഡാറ്റ്സൺ എം വി, മാത്തിപ്പറമ്പിൽ | C4 18817/19, 28.1.19 |
| 6 | ലുബ്ന മജീദ്, കോട്ടപ്പുറത്ത് | C4 238106/18, 5.10.18 |
| 7 | ഉണ്ണി നാരായണൻ നമ്പൂതിരി, കവിയപ്പിള്ളിൽ | C4 252052/18, 24.10.18 |
| 8 | സെക്രട്ടറി ചേരാനല്ലൂർ കോ- ഓപ്പറേറ്റീവ് ബാങ്ക് | C4 20658/19, 30.1.19 |
| 9 | ദേവസ്വം ഓഫീസർ, ചിറ്റൂർ കൃഷ്ണ സ്വാമി ദേവസ്വം | C4 7652/19, 14.1.19 |
| | | |

| | | |
|---|---|---|
| 10 | മുല്ലേൽ കല്ലറക്കൽ ഫ്രാൻസിസ് | C4 228106/18, 25.9.18 |
| 11 | റുക്സാന | C4 43269/19, 26.2.19 |

# 1-25 തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം 168/19 എന്ന് പ്രൊജക്ട് നമ്പറിലായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പദ്ധതിയിലെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എഗ്രിമെന്റിൽ കൃത്യതയില്ല- 16.10.2018 ൽ ആരംഭിച്ച് 15.10.2019 ൽ അവസാനിക്കുന്ന രീതിയിലാണ് കരാർ ചമച്ചിരിക്കുന്നത്. ചേരാനെല്ലൂർ പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ ഇനം തെരുവ് വിളക്കുകളുടെ റിപ്പയറിംഗിനും പരിപാലനത്തിനുമാണ് കരാർ എന്നാണ് എഗ്രിമെന്റിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത വിളക്കുകളുടെ ലിസ്റ്റിൽ 146 ഓർഡിനറി ബൾബും കാണുന്നുണ്ട്. ഇപ്പോൾ സാധാരണയായി ഓർഡിനറി ബൾബ് ഉപയോഗിക്കുന്നില്ല. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾ ഉപയോഗിച്ച് ഓർഡിനറി ബൾബുകൾ സി.എഫ്.എൽ, എൽ.ഇ.ഡി ഇനങ്ങളിലേക്ക് മാറ്റിക്കഴിഞ്ഞു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രളയത്തിൽ നഷ്ടപ്പെട്ടതായാണ് വ്യക്തമാക്കിയത്. ഇപ്പോൾ തയ്യാറാക്കിയ തെരുവ് വിളക്കുകളുടെ എണ്ണത്തിൽ തന്നെ കൃത്യതയുള്ളതായി കരുതാനാവില്ല. കാരണം ട്യൂബുകളുടെ എണ്ണം 1,433 എന്നാണ് എഗ്രിമെന്റിൽ ചേർത്തിരിക്കുന്നത്. എന്നാൽ ഓഡിറ്റ് വർഷം തന്നെ മറ്റൊരു പദ്ധതി പ്രകാരം ( 116/18 ) 1,000 ട്യൂബുകൾ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വിളക്കുകളും എഗ്രിമെന്റിൽ സൂചിപ്പിക്കാത്തതിനാൽ കരാറുകാരൻ എല്ലാ വിളക്കുകളും മെയിന്റനൻസ് നടത്തേണ്ടതില്ലാത്ത സാഹചര്യം വരുന്നു. ഇത്തരത്തിൽ കരാർ ചമയ്ക്കുമ്പോൾ പഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകളും റിപ്പയർ ചെയ്യേണ്ടതാണ് എന്ന രീതിയിൽ തന്നെ എഗ്രിമെന്റിൽ ചേർക്കുന്നതാണ് അഭികാമ്യം. കൂടാതെ കെ.എസ്.ഇ.ബിയുമായി സഹകരിച്ച് തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ അടക്കമുള്ള ലിസ്റ്റ് തയ്യാറാക്കാനും ആയതിന്റെ ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും തയ്യാറാക്കി പ്രത്യേകമായി സൂക്ഷിക്കാനും നിർദ്ദേശിക്കുന്നു.

2. തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തി എന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. പഞ്ചായത്ത് നിശ്ചയിക്കുന്ന ഇടവേളകളിൽ കരാറുകാരൻ മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുളുടെ പോസ്റ്റ് നമ്പർ, ഏതിനം റിപ്പയറിംഗാണ് നടത്തിയത് തുടങ്ങിയവ ചേർത്ത ഒരു സ്റ്റേറ്റ്മെന്റ് നൽകുകയും ആയത് അതത് വാർഡുകളിലെ മെമ്പർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്ന രീതിയാണ് പല തദ്ദേശ സ്ഥാപനങ്ങളിലും കാണുന്നത്. പ്രസ്തുത സ്റ്റേറ്റ്മെന്റുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകുന്ന സമ്പ്രദായമാണ് അഭികാമ്യം.

3. തെരുവ് വിളക്കുകൾ കത്തുന്നില്ല എന്നത് കരാറുകാരൻ അറിയാനുള്ള യാതൊരു ഔദ്യോഗിക സംവിധാനവുമില്ല. പഞ്ചായത്തിൽ പൊതുജനങ്ങൾക്കായി ഇതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ രേഖപ്പെടുത്തുന്ന റിപ്പയറിംഗ് നടത്തേണ്ട തെരുവ് വിളക്കുകൾ സംബന്ധിച്ച് കരാറുകാരനെ കൃത്യമായി അറിയിക്കേണ്ട സംവിധാനവും പഞ്ചായത്ത് ഒരുക്കേണ്ടതാണ്. ടെലഫോൺ മുഖേന ലഭിക്കുന്ന പരാതികളും മേൽ രജിസ്റ്ററിൽ ചേർത്ത് തുടർ നടപടി സ്വീകരിക്കാൻ ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തുന്നതും നന്നായിരിക്കും. തെരുവ് വിളക്കുകളുടേതടക്കം പൊതുജനങ്ങളുടെ ഏത് പരാതിയും രേഖപ്പെടുത്താൻ (ഫോട്ടോകൾ പോലുള്ള തെളിവുകൾ സഹിതം) കഴിയുന്ന ഒരു ഔദ്യോഗിക വാട്ട്സ് ആപ്പ് നമ്പർ രൂപീകരിക്കാൻ സാധിക്കുമെങ്കിൽ ആയത് പഞ്ചായത്തിന്റെ സുതാര്യത വർദ്ധിപ്പിക്കുമെന്ന് അഭിപ്രായപ്പെടുന്നു. വളരെ ഉത്തരവാദിത്വത്തോടെ, വ്യക്തമായ മാനദണ്ഡങ്ങളോടെ, പഞ്ചായത്ത് വകുപ്പിന്റെ അംഗീകാരത്തോട് കൂടിയും മാത്രമേ ആയത് നടപ്പിലാക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

4. പഞ്ചായത്ത് പുതിയതായി വാങ്ങുന്ന പല തെരുവ് വിളക്കുകൾക്കും 6 മാസം മുതൽ 2 വർഷം വരെ ഗാരന്റി/വാറന്റി ഉണ്ടാകും. ഈ കാലയളവിനുള്ളിൽ ഉപയോഗശൂന്യമാകുന്ന വിളക്കുകൾക്ക് പലപ്പോഴും പുതിയ വിളക്ക് സൗജന്യമായി ലഭ്യമാകാറുണ്ട്. ഇത്തരം വിളക്കുകളുടെ റിപ്പയറിംഗിനെപ്പറ്റി എഗ്രിമെന്റിൽ വ്യവസ്ഥയില്ല.

5. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ 17.08.2015 ൽ ജി2-44274/2015 പുറപ്പെടുവിച്ച പൊതു മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശമായ അടാട്ട് ഗ്രാമ പഞ്ചായത്ത് മാതൃക അവലംബിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്. സ്വന്തമായി ഇലക്ട്രീഷ്യൻമാരെ നിയോഗിച്ചും വാഹനം ഉപയോഗിച്ചും തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്ന രീതിയാണത്. ആവശ്യത്തിന് തനത് വരുമാനമുള്ളതു കൊണ്ട് പഞ്ചായത്തിന് ആയത് സാധിച്ചേക്കും. ആയത് സാധ്യമല്ലെങ്കിൽ മെയിന്റനൻസ് നടത്തേണ്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന് തുക നിശ്ചയിച്ച് കരാറിൽ ഏർപ്പെടുന്നതും പരിഗണിക്കാവുന്നതാണ്. പഞ്ചായത്തിലെ വിളക്കുകളുടെ ആകെ മെയിന്റനൻസ് ഒരു നിശ്ചിത തുകയ്ക്ക് ഏറ്റെടുക്കുന്ന നിലവിലത്തെ രീതിയിൽ കരാറുകാരൻ കണക്കുകൂട്ടിയതിനേക്കാളും കൂടുതൽ മെയിന്റനൻസ് വന്നാൽ

ആയത് ടിയാന് നഷ്ടമാവുകയും തുടർ മെയിൻ്റനൻസ് തടസ്സപ്പെടാനും സാദ്ധ്യതയുണ്ട്. തെരുവ് വിളക്കുകളുടെ മെയിൻ്റനൻസ് കൃത്യമായി നടക്കുന്നില്ല എന്ന് ഏതാണ്ട് എല്ലാ ഗ്രാമസഭകളിലും പരാതി ഉയർന്നിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച പഞ്ചായത്ത് ഡയറക്ടറുടെ മാർഗ്ഗരേഖയിലെ മാതൃക തെരുവ് വിളക്ക് മെയിൻ്റനൻസ് രജിസ്റ്റർ സൂക്ഷിക്കാനും നിർദ്ദേശിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല – 12500/-രൂപ നഷ്ടം

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 2500 രൂപ (ഓരോ അർദ്ധവർഷവും 1250രൂപ വീതം ) ഈടാക്കിയിട്ടില്ല. തൻവർഷം ജീവനക്കാരുടെ നികുതി മാത്രം ഒടുക്കിയ മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നൽകിയിട്ടില്ല (എൻക്വയറി നം-15/28.9.19). ആയത് ഡിമാൻ്റ് ചെയ്യുകയോ പഞ്ചായത്തിന് കിട്ടുവാനുള്ള ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമനം | സ്ഥാപനം |
|---|---|
| 1 | എസ്.ബി.എെ., സൌത്ത് ചിറ്റൂർ ബ്രാഞ്ച് |
| 2 | എസ്.ബി.എെ., മെഡ്സിറ്റി ബ്രാഞ്ച് |
| 3 | ധനലക്ഷ്മി ബാങ്ക്, ചിറ്റൂർ |
| 4 | ബി.എസ്.എൻ.എൽ. |
| 5 | കെ.എസ്.ഇ.ബി. |

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 2500 രൂപ വീതം ഈടാക്കാതിരുന്നതിനാൽ 12500 രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ടി തുക സ്ഥാപനങ്ങളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണയത്തിലെ അപാകത - തൻവർഷം നഷ്ടം- 49173/-രൂപ

വിവിധ കെട്ടിടങ്ങളുടെ നികുതി നിർണയത്തിലുണ്ടായ അപാകതകൾ മൂലം പഞ്ചായത്തിന് തൻവർഷം വസ്തു നികുതിയിനത്തിൽ 49173/- രൂപ താഴെപ്പറയുന്ന വിധം നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറികൾക്ക് ( എൻക്വയറി നം –7/20.9.19, എൻക്വയറി നം.12/27.9.19 ) മറുപടി ലഭ്യമാക്കിയില്ല.

**(എ)** വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് പഞ്ചായത്ത് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള ഷോപ്പുകൾക്കും ഗോഡൌണുകൾക്കും ച.മീറ്ററിന് 50/-രൂപ നിരക്കിലും സ്വകാര്യ ഹോസ്റ്റലുകൾക്ക് ച.മീറ്ററിന് രൂപ 30/- നിരക്കിലും നികുതി നിർണയിക്കേണ്ടതാണ്. അപ്രകാരമല്ലാതെ നിശ്ചിത നിരക്കിലും കുറവായി നികുതി നിർണയിച്ച് ഈടാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. തറ വിസ്തീർണം, അസസ് മെൻ്റ് വർഷം | ഉടമയുടെ പേര് (കെട്ടിടത്തിൻ്റെ ഉപയോഗക്രമം) | നിർണയിച്ച് ഈടാക്കിയ വാർഷിക നികുതി | നിർണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | 3/227<br>400 m2 | സീതി<br>വലിയവീട്ടിൽ | @30/- രൂ. 12000<br>-10%ഇളവ് | @50/-<br>രൂ.20000/- | രൂ.8800/- |

| | | | | | |
|---|---|---|---|---|---|
| | (2014-15രണ്ടാം അർദ്ധവർഷം) | (ഷോപ്പ്) | +20%വർദ്ധനവ് =13200 | -10%ഇളവ് +20% വർദ്ധനവ് = 22000 | |
| 2 | 3/228 400 m2 (2014-15രണ്ടാം അർദ്ധവർഷം) | സീതി വലിയവീട്ടിൽ (ഷോപ്പ്) | @30/- രൂ.12000/- -10%ഇളവ് +20%വർദ്ധനവ് =13200 | @50/- രൂ.20000/- -10%ഇളവ് +20%വർദ്ധനവ് = 22000 | രൂ.8800/- |
| 3 | 12/348 F 756.12 m2 2016-17ഒന്നാം അർദ്ധവർഷം) | ഗോപിനാഥ മേനോൻ,രാംമീന (ഹോസ്ററൽ) | @6/- 4536.72+15%വർദ്ധനവ് =5218/- | @30/- രൂ.22683.60 +15% വർദ്ധനവ് =26086/- | രൂ.20868/- |
| തൻവർഷത്തെ നഷ്ടം | | | | | രൂ.38468/- |

**ബി)** പഞ്ചായത്തിലെ 12 ,3ാം വാർഡുകളിൽ സ്ഥിതി ചെയ്യുന്നതും യഥാക്രമം ഡോ ഹരീഷ് പിള്ള , ചിത്ര ഗോപിനാഥ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമായ ആസ്റ്റർ മെഡ്സിറ്റി, സൈമർ ആശുപത്രികളുടെ വസ്തു നികുതി നിർണയത്തിലുണ്ടായ അപാകതകൾ താഴെപ്പറയുന്നു.

1.ആസ്റ്റർ മെഡ്സിറ്റി

(i) എ.സി. യുടെ വർദ്ധനവ് വരുത്താതെ നികുതി നിർണയിച്ചു.

കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുള്ള ആശുപത്രിയിലെ താഴെപ്പറയുന്ന നമ്പരുകളിലുള്ള കെട്ടിടങ്ങളിൽ എ.സി. യുടെ വർദ്ധനവ് (അടിസ്ഥാന വസ്തു നികുതിയുടെ പത്ത് ശതമാനം) വരുത്താതെയാണ് നികുതി നിർണയിച്ചിട്ടുള്ളതെന്ന് കാണുന്നു.

| ക്രമ. നം | കെട്ടിട നം | ഉപയോഗം | തറ വിസ്തീർണം | നിർണയിച്ച നികുതി അസസ്മെന്റ് വർഷം | നിർണയിക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 12/348E | ഷോപ്പ് | 29.68m2 | @രൂ 30/- =890.4/- (2013-14ഒന്നാംഅർദ്ധവർഷം) | @രൂ30/ രൂ.890 +10%വർദ്ധനവ് =979/- | രൂ.89/- |
| 2 | 12/350C | ഷോപ്പ് | 54.65m2 | @രൂ 30/- രൂ.1635/- - 5% ഇളവ് =1554/- (2013-14ഒന്നാംഅർദ്ധവർഷം) | @രൂ.30/- രൂ.1640/- -5%ഇളവ്+10%വർദ്ധനവ് =1722/- | രൂ.168/- |
| 3 | 12/350H | ഷോപ്പ് | 34.16m2 | @രൂ 30/- =1024/- - 5% ഇളവ് =974/- (2013-14ഒന്നാംഅർദ്ധവർഷം) | @രൂ.30/-=1025/- - 5% ഇളവ് +10% വർദ്ധനവ് =1077/- | രൂ.103/- |
| 4 | 12/350L | ആയുർവേദ സെന്റർ | 293m2 | @രൂ 8/- =2344/- +15% വർദ്ധനവ് =2696/- (2016-17ഒന്നാംഅർദ്ധവർഷം) | @രൂ.8/-=2344/ +15% വർദ്ധനവ് +10% വർദ്ധനവ് =2930/- | രൂ.234/- |
| 5 | 12/350M | ഷോപ്പ് | 139.15m2 | @രൂ 50/- =6958/- (2016-17രണ്ടാംഅർദ്ധവർഷം) | @രൂ.50/-=6958/- +10% വർദ്ധനവ് =7654/- | രൂ.696/- |
| ആകെ | | | | | | രൂ.1290/- |

(5% ഇളവ്*: ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്)

(ii) ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ച് നികുതി നിർണയിച്ചു.

ലൈസൻസ് രജിസ്റ്റർ പ്രകാരം (ലൈസൻസ് നമ്പർ - 136/18-19) ആശുപത്രിയിലെ ഒന്നാം നിലയിലെ 33.6m2 വിസ്തീർണമുള്ള കെട്ടിടത്തിൽ ശ്രീ അബ്ദുൾ റസാക്ക് എന്ന വ്യക്തി Allen Harbour എന്ന പേരിൽ ഒപ്റ്റിക്കൽ ഷോപ്പാണ്

നടത്തി വരുന്നതെന്ന് കാണുന്നു.ആയത് സ്ഥലപരിശോധനയിൽ ( 26.9.19, 3pm) നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടത്തെ പാർപ്പിടം എന്ന ഗണത്തിൽപെടുത്തി ( അസസ് മെന്റ് - 2013-14 ഒന്നാം അർദ്ധവർഷം) താഴെപ്പറയും വിധമാണ് നികുതി നിർണയിച്ചിട്ടുള്ളത്.

| ക്രമ.നം | കെട്ടിട നം | തറ വിസ്തീർണം | നിർണയിച്ച നികുതി (പാർപ്പിടം എന്നനിലയിൽ) @രൂ 6/- | നിർണയിക്കേണ്ടിയിരുന്ന നികുതി (വാണിജ്യസ്ഥാപന എന്നനിലയിൽ)@30/- | കുറവ് |
|---|---|---|---|---|---|
| 1 | 12/350F | 33.6m2 | രൂ.202/- | രൂ.1008/ +10% വർദ്ധനവ്=1109/- | 907/- |

2. <u>സൈമാർ (Edappal Hospitals (p)Ltd)</u>

പഞ്ചായത്തിന്റെ 3 ാം വാർഡിൽ നാല് നിലകളിലായി 4254.54 m2 വിസ്തീർണത്തോട് കൂടി സ്ഥിതി ചെയ്യുന്ന സൈമാർ ഹോസ്പിറ്റലിന് ബാധകമായ അടിസ്ഥാന വാർഷിക വസ്തുനികുതിയിൽ മേൽത്തരം തറനിർമിതിയുടേയും(ഗ്രാനൈറ്റ്) എയർകണ്ടീഷനിംഗിന്റേയും വർദ്ധനവ് (യഥാക്രമം 15%, 10%) വരുത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | കെട്ടിട നം | തറവി സ്തീർണം | നിർണയിച്ച നികുതി @രൂ 8/-(2013-14ഒന്നാം അർദ്ധവർഷം മുതൽ) | നിർണയിക്കേണ്ടിയിരുന്ന നികുതി @രൂ 8/- | കുറവ് |
|---|---|---|---|---|---|
| 1 | 3/434 | 4254.38m2 | =34035.04/-<br>+20%വർദ്ധനവ് (റോഡ് )<br>=40843/- | =34035.04/-<br>+20%വർദ്ധനവ് (റോഡ് )<br>+15% വർദ്ധനവ്(തറനിർമിതി)<br>+10%വർദ്ധനവ്( എസി )<br>=49351/- | 8508/- |
| | | **തൻവർഷത്തെ നഷ്ടം** | | | 8508/ |

വസ്തുനികുതി പുനർ നിർണ്ണയിച്ച് തൻവർഷം കുറവ് വന്ന 49173/- രൂപ കെട്ടിടയുടമകളിൽ നിന്നോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ മേൽപ്പറഞ്ഞ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി, അസസ് മെന്റ് വർഷം മുതൽ സമാനമായ രീതിയിൽ തിട്ടപ്പെടുത്തി, നഷ്ടത്തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക - കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടത്തിയിട്ടില്ല

പഞ്ചായത്തിന്റെ കീഴിലുള്ള ചിറ്റൂർ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് ( നം -14/28.9.19 ) മറുപടി നൽകിയില്ല.

1. താഴെപ്പറയുന്ന ലൈസൻസികളിൽ നിന്നും 2018-19 വർഷത്തെ വാടക പൂർണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസിയുടെ പേര് | കട മുറി നം. | പ്രതിമാസ വാടക | അടവാക്കിയ തുക (രസീത് നം, തീയതി) കാലയളവ് | അടവാക്കാനുള്ള തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | സുനിൽ കുമാർ പി.ജി.,പുളിക്കര, സൌത്ത് ചിറ്റൂർ | 12/1441 | 1848 | തൻവർഷം വാടക അടവാക്കിയില്ല. | 1848X12 =22176/- | തുകയൊന്നും തന്നെ അടവാക്കിയില്ല. 22176രൂ. കുടിശ്ശികയുണ്ട് |
| 2 | ഭവാനി, പ്രതീക്ഷ അയൽക്കൂട്ടം | 12/149 | 888 | 888X3 = 2664/- (ഏപ്രിൽ - ജൂൺ)<br>118080103407/ 31.7.2018 | 888X9 =7992/- | 5മാസത്തെ വാടക (4440/-) അടവാക്കി. 3552/രൂപ അടയ്ക്കാൻ അവശേഷിക്കുന്നു |
| 3 | നിധിൻ എസ് 12/150 | 12/150 | 900 | 900X4=3600/- (12/18 to 03/19) | 900X8 =7200/- | രൂ.7200 കുടിശ്ശികയുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | 118080110592/ 27.3.2019 | | |
| 4 | ദീപ വി.കെ., മാത്തുപടി,പിഴല | 8/657 old | 2070 | തൻവർഷം വാടക അടവാക്കിയില്ല. | 2070X12 =24840/- | തുകയൊന്നും തന്നെ അടവാക്കിയില്ല. 24840രൂ. കുടിശ്ശികയുണ്ട്. |
| ആകെ കുടിശ്ശിക രൂ. 57768 | | | | | | |

(2) 31.3.2019 ൽ വാടകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള 57768/- രൂപ 2018-19 വാർഷികകണക്കുകളിൽ ആസ്തിയായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-B15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

(3) സുനിൽകുമാർ, ഭവാനി, നിധിൻ എന്നീ വ്യക്തികൾ (ക്രമ.നം.-1,2,3) കുടിശ്ശിക തുക നാളിതു വരെയും പൂർണമായി അടവാക്കിയിട്ടില്ലായെന്നിരിക്കെ അടുത്ത സാമ്പത്തിക വർഷവും ടി വ്യക്തികൾക്ക് അതേ മുറി വാടകക്ക് നൽകിയതിന്റെ കാരണം അറിയിക്കേണ്ടതും ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം ഹാജരാക്കേണ്ടതുമാണ്. (ഇവരിൽ സുനിൽകുമാർ എന്ന വ്യക്തിക്ക് 2017-18വർഷം മുതലുള്ള വാടക (2017 നവംബർ മുതൽ) കുടിശ്ശികയായുണ്ടെന്ന് കാണുന്നു)

(സി) നാളിതുവരെ തുകയൊന്നും തന്നെ അടവാക്കാത്ത ദീപ വി കെ, സുനിൽകുമാർ എന്നീ വ്യക്തികളിൽ നിന്നും വാടകകുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ഡി) വാടക രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 20 മുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ, 13 ാം നമ്പർ മുറി 2018-19 വർഷം മുഴുവൻ ഒഴിഞ്ഞുകിടക്കുകയായിരുന്നുവെന്ന് കാണുന്നു. ആയത് ലേലം ചെയ്ത് നല്കിയിട്ടില്ല. ടി കെട്ടിടം ലേലം ചെയ്ത് നല്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ചേരാനല്ലൂർ ബസ് സ്റ്റാൻഡ് വണ്ടിപ്പേട്ട – ലേലത്തുക പൂർണമായി ഈടാക്കിയില്ല

2018-19 വർഷത്തെ ചേരാനല്ലൂർ ബസ് സ്റ്റാൻഡ് വണ്ടിപ്പേട്ട അവകാശത്തിന് വേണ്ടി 19/3/18 ൽ പഞ്ചായത്ത് ഹാളിൽ വച്ച് നടത്തിയ ലേലം 56500/- രൂപക്ക് കരാർ കൊണ്ടത് ശ്രീ മനോജ് എൻ. ആർ. നടക്കേപ്പറമ്പിൽ, ചിറക്കകം, വരാപ്പുഴ എന്ന വ്യക്തിയാണ്. ലേലത്തുക 50000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ ലേലത്തുകയുടെ 50 ശതമാനം തുക അന്നേ ദിവസം തന്നെ അടവാക്കേണ്ടതുണ്ടെന്ന ലേല നിബന്ധന പ്രകാരം 30000/-രൂപ രസീത്.നം-117080112181 ടിയാൻ 19.3.18ൽ അടവാക്കിയിട്ടുണ്ട്. ലേല വ്യവസ്ഥ പ്രകാരം ലേലത്തുകയുടെ ബാക്കിതുകയായ 26,500/- രൂപ 2018 ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ രണ്ട് തുല്യഗഡുക്കളായി അടക്കേണ്ടിയിരുന്നെങ്കിലും ടി തുക നാളിതുവരെ അടവാക്കിയിട്ടില്ല. കരാറുകാരനുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ശ്രീ മനോജിന്റെ അപേക്ഷയും തുക അടവാക്കിയ രസീതുകളും ലേലം വിളി നടത്തിയ ജൂനിയർ സൂപ്രണ്ടിന്റെ കൈയ്യൊപ്പോട് കൂടിയ ലേലഡയറിയും മാത്രമാണ് ഫയലിലുള്ളത്. ലേലഡയറിയിൽ സെക്രട്ടറി ഒപ്പ് വച്ചിട്ടില്ലായെന്നും കാണുന്നു. കുടിശ്ശിക തുക വാർഷികകണക്കുകളിൽ ആസ്തിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഈ വിഷയത്തിൽ പഞ്ചായത്ത് കൈക്കൊണ്ട തുടർ നടപടികളും അറിയിക്കുവാനാവശ്യപ്പെട്ട് എൻക്വയറി നം -11/27.9.19 നൽകിയെങ്കിലും മറുപടി നൽകിയില്ല. ലേലത്തുക പിഴപ്പലിശ സഹിതം കരാറുകാരനിൽ നിന്നും ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് കഴിയാത്ത പക്ഷം കരാറിന്റെ അഭാവത്തിലും കുടിശ്ശിക തുക ആസ്തിയായി വാർഷിക കണക്കുകളിൽ പെടുത്താതിരുന്നതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ടി തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ നഷ്ടോത്തരവാദിത്തത്തിൽ ഈടാക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വക്കീൽ ഫീസ് അധികം നൽകി-രൂ. 2000 തിരികെ ഈടാക്കേണ്ടതാണ്.

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തമായി ബന്ധപ്പെട്ട വിവിധ കേസുകൾ കൈകാര്യം ചെയ്യുതിന് അഡ്വ. ടി.കെ. അജിത് കുമാറിന് 2018-19 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 237000രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കേസ് നമ്പർ | വിധി ദിവസം | വൌച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|---|---|
| 1 | Appeal 668/15 | 10-02-17 | 21800133 | 16-05-18 | 10000 |
| 2 | Appeal 682/16 | 10-02-17 | 21800133 | 16-05-18 | 10000 |
| 3 | Appeal 756/17 | 16-01-17 | 21800133 | 16-05-18 | 10000 |
| 4 | WP(C)25776/17 | | 21800134 | 16-05-18 | 13000 |
| 5 | WP(C)11613/16 | | 21800135 | 16-05-18 | 13000 |
| 6 | WP(C)14032/18 | 11-07-18 | 034160 | 31-01-19 | 13000 |
| 7 | WP(C)17794/18 | 26-07-18 | 034160 | 31-01-19 | 13000 |
| 8 | WP(C)16955/18 | 20-07-18 | 034160 | 31-01-19 | 13000 |
| 9 | Appeal 172/17 | 19-03-18 | 034160 | 31-01-19 | 15000 |
| 10 | WP(C)11437/13 | 23-07-18 | 034160 | 31-01-19 | 13000 |
| 11 | OS 1031/15 | 01-06-18 | 034160 | 31-01-19 | 13000 |
| 12 | Appeal 158/18 | 26-09-18 | 034160 | 31-01-19 | 15000 |
| 13 | Appeal 125 | 26-09-18 | 034160 | 31-01-19 | 15000 |
| 14 | AS 38/17 | 23-06-18 | 034160 | 31-01-19 | 15000 |
| 15 | MC 7053 | 16-10-18 | 034160 | 31-01-19 | 15000 |
| 16 | WP(C)35040/18 | 31-10-18 | 034160 | 31-01-19 | 13000 |
| 17 | WP(C)22147/13 | 16-11-18 | 034160 | 31-01-19 | 13000 |
| 18 | Appeal 124/18 | | 034160 | 31-01-19 | 15000 |
| Total | | | | | 237000 |

(1) ബില്ലിൽ ആവശ്യപ്പെട്ട തുകയേക്കാൾ അധികം നൽകി

ക്രമ നമ്പർ 15 പ്രകാരമുള്ള Cr.MC 7053/15 നമ്പർ കേസിന് 25-10-2018 ലെ ബില്ലിൽ 13000രൂപയാണ് അഭിഭാഷകൻ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ കേസിന് 15000 രൂപ ഫീസായി നൽകിയിട്ടുള്ളതിനാൽ 2000 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

(2) ആദായ നികുതി ഈടാക്കിയിട്ടില്ല.

1961ലെ ആദായനികുതിനിയമം സെക്ഷൻ 194 (ജെ) പ്രകാരം പ്രൊഫഷണൽ സേവനത്തിന് പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ കൂടുതൽ തക നൽകുമ്പോൾ 10% തുക ആദായനികുതിയിനത്തിൽ കുറവ് ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ പ്രകാരം 2018-19 വർഷം അഡ്വ. ടി.കെ. അജിത് കുമാറിന് വക്കീൽ ഫീസായി 237000 രൂപ നൽകിയപ്പോൾ 23700 രൂപ സ്രോതസ്സിൽ കുറവ് ചെയ്യാതെയാണ് തുക നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ 23-09-2019 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 8 ന് 30-09-2019ൽ സെക്രട്ടറി മുഖേന അഭിഭാഷകൻ ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ മുഴവൻ തുകക്കും താൻ ആദായനികുതി അടച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന് യാതൊരു തെളിവും ഹാജരാക്കിയിട്ടില്ല. സ്രോതസ്സിൽ ആദായനികുതി കുറവ് ചെയ്യാൻ തുക നൽകുന്നയാൾക്ക് ബാധ്യതയുള്ളതിനാലും ടി തുകയ്ക്ക് ബാധകമായ ആദായ നികുതി അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താത്ത സാഹചര്യത്തിലും അഭിഭാഷകനിൽ നിന്ന് 23500 രൂപ ഈടാക്കി ആദായനികുതി വകുപ്പിൽ അടവ് വരുത്തേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 3,50,000 | 50,000 |
| „ | 2018-19 | 2,30,000 | വയോജനങ്ങൾക്ക് കട്ടിൽ | 2,30,000 | 0 |
| „ | 2018-19 | 2,17,057 | ഷ്രെഡിംഗ് യൂണിറ്റ് – ഇലക്ട്രിഫിക്കേഷൻ (117/19) | 0 | 2,17,057 |
| „ | 2018-19 | 2,50,000 | പട്ടികജാതി വിഭാഗക്കാർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം (176/19) | 0 | 2,50,000 |
| | | 10,97,051 | | 5,80,000 | 5,17,057 |

ബ്ലോക്ക് പഞ്ചായത്ത് ഷെയർ AFSലെ 2017-18 ലെ B-4 ഷെഡ്യൂളിലെ 14,73,791/- രൂപയുടെ ചെലവ് വിവരങ്ങൾ വ്യക്തമല്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഷെയറിന്റെ ആകെ നീക്കിബാക്കിയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (58/19) | 3,57,500 | 42,500 |
| „ | „ | 5,300 | പാൽ സബ്സിഡി (62/19) | 5,300 | 0 |
| „ | „ | 10,00,000 | സെ. ജയിംസ് റോഡ് – കട്ടവിരിക്കൽ (177/19) | 0 | 10,00,000 |
| „ | „ | 10,00,000 | തളിയത്ത് റോഡ് ടൈൽ വിരിക്കൽ (178/19) | 0 | 10,00,000 |
| „ | „ | 10,00,000 | റീന മെമ്മോറിയൽ സ്കൂൾ റോഡ് ടൈൽ വിരിക്കൽ (179/19) | 9,51,777 | 48,223 |
| „ | „ | 10,00,000 | പി.എച്ച്.സി. റോഡ് ടൈൽ വിരിക്കൽ (180/19) | 0 | 10,00,000 |
| „ | „ | 5,00,000 | ജുമാ മസ്ജിദ് സബ് റോഡ് ടൈൽ വിരിക്കൽ (181/19) | 0 | 5,00,000 |
| „ | „ | 5,00,000 | ഹോമിയോ ഡിസ്പെൻസറി റോഡ് – റീ ടാറിംഗ് (184/19) | 3,32,040 | 1,67,960 |
| „ | „ | 5,00,000 | റോട്ടറി ക്ലബ് റോഡ് കാന കവർ സ്ലാബ് – റീ ടാറിംഗ് (185/19) | 2,44,937 | 2,55,063 |
| „ | „ | 5,00,000 | മഞ്ഞുമ്മൽ കടവ് കടത്ത് റോഡ്, ടിപ്പു സുൽത്താൻ റോഡ് പുനരുദ്ധാരണം (193/19) | 3,45,042 | 1,54,958 |
| „ | „ | 5,00,000 | അമ്പലക്കടവ് റോഡ് പുനരുദ്ധാരണം (194/19 | 2,26,095 | 2,73,905 |
| ആകെ | | 69,05,300 | | 24,62,691 | 44,42,609 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | സാങ്ഷൻ ഓർഡർ നം./ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തിയതി | | | |
| കെ എസ് ഇ ബി | 189/19 – സ്ട്രീറ്റ് ലൈൻ വലിക്കൽ | 82/26.11.18 | 84,955 | 0 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 129/18 – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2/16.05.18 | 39,000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ ലൈഫ് | G.O(MS)No.68/18/ lsgd/18.05.18 | 5,31,598 | 0 | 0 | 0 | 5,31,598 |
| | | 5,31,598 | 0 | 0 | 0 | 5,31,598 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻ വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും ലഭിച്ചില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവു വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ സെക്രട്ടറി എൽസമ്മ കൊയ്ലോയുടെ ഡി.സി.ആർ.ജി.യിൽ നിന്നും 54511/- രൂപ പിടിച്ചതായി പഞ്ചായത്തിൽ അറിയിപ്പ് വന്നെങ്കിലും, ടി തുക നാളിതു വരെ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല |

## 4-8 ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,67,99,431 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,61,63,062 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,45,941 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 38,985 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12,500 | | വി.ആർ മല്ലിക, സെക്രട്ടറി |
| 2-2 | 49,173 | | വി.ആർ മല്ലിക, സെക്രട്ടറി |
| 2-3 | 57,768 | | വി.ആർ മല്ലിക, സെക്രട്ടറി |
| 2-4 | 26,500 | | വി.ആർ മല്ലിക, സെക്രട്ടറി |
| 3-1 | | 2,000 | വി.ആർ മല്ലിക, സെക്രട്ടറി |
| ആകെ | 1,45,941 | 2,000 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

**ഇല്ല**

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23,500 | വി.ആർ മല്ലിക, സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ആർ മല്ലിക, സെക്രട്ടറി | സെക്രട്ടറി, ചേരാനെല്ലൂർ, ഗ്രാമപഞ്ചായത്ത് | സൗഗന്ധികം<br>ചേരാനല്ലൂർ. പി.ഒ.,പിൻ – 682034 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.ഇ.(പി.3)1061/98 തീയതി. 09.05.2000 |
| 1997-98 (വരവ്) | എൽ.എഫ്.ഇ.(പി.3)321/03 തീയതി. 19.07.2003 |
| 1998-99 (ചെലവ്) | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 07.01.2003 |
| | |

| | |
|---|---|
| 1999-00 | എൽ.എഫ്.ഇ.(പി.3)1654/03 തീയതി. 10.08.2004 |
| 2003-04 | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 18.12.2008 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1887/10 തീയതി. 05.08.2011 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.(പി.8)1720/12 തീയതി. 08.01.2013 |
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |
| 2017-18 | കെ.എസ് എ ഇ കെ.എം (പി10)2198/18/ 06.02-2019 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം.

.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) , 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

3. E Payment Account ൽ (No. 37266724176) വരവു വരേണ്ട 19644 രൂപ (Receipt Voucher No. 118020900051 dtd. 30.11.2018) നാളിതുവരെ പഞ്ചായത്തിന് IKM Account ൽ നിന്നും Transfer ചെയ്ത് ലഭിച്ചിട്ടില്ല.

4. A/C No. 357902010011750 (ജനകീയ ഭവനം) ൽ 31.03.2019 ലെ ബാലൻസ് ആയി AFS ൽ കാണിച്ചിരിക്കുന്നത് 107655 രൂപയാണ്. എന്നാൽ ബാങ്ക് 06-04-2019 ൽ ലഭ്യമാക്കിയ പാസ്ബുക്ക് പ്രകാരം 31.03.2019 ൽ തുകയൊന്നും പ്രസ്തുത അക്കൗണ്ടിൽ ഇല്ല.

5. പ്രോജക്ട് നമ്പർ 129 വാട്ടർ സപ്ലൈ ലൈൻ നീട്ടൽ പദ്ധതിക്കായി 39,000 രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയതായി ചെലവു പത്രികയിൽ കാണുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായോ, ബാലൻസ് ഷീറ്റിൽ 460500202 ഹെഡിൽ മുൻകൂർ നൽകിയതായി നിലനിൽക്കുകയോ ചെയ്തിട്ടില്ല.

6. വസ്തു നികുതി പ്യൂരിഫിക്കേഷനുശേഷം ഡിമാന്റിൽ മാറ്റം വരുത്തിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ( I -18 പ്രയർ പിരീഡ് ഐറ്റം)

7. B – 15 ഷെഡ്യൂളിലെ വസ്തുനികുതിയുള്ള ലൈബ്രറി സെസ് 125072 രൂപയാണ് കാണേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റിലുള്ളത് 129623 രൂപയാണ്. വ്യത്യാസം 4551 രൂപ.

8. വസ്തു നികുതി തൻവർഷ പിരിവ് സംബന്ധിച്ച് വാർഷിക കണക്കുകളിലെയും സഞ്ചയ ആപ്ലിക്കേഷനിലെയും തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **CHERANELLOOR GRAMA PANCHAYAT** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayath Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the instructions vide GO(Rt.) 1413/2018/LSGD, Dated.22.5.18.

In my opinion, the Financial Statement of **CHERANELLOOR GRAMA PANCHAYAT** for the year 2018-19 subject to the observations in the Annexure-2 properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Defects identified on verification of Annual Financial Statement 2018-19 of CHERANELLOOR GRAMA PANCHAYAT

1. All the assets of the Panchayat including Land are not accounted and entered in Asset Register properly. So the AFS does not show the values of assets properly.

2. Ratios and Notes on Accounts are not submitted with the AFS.

3. An amount of Rs.19644 which has to be credited in the E-Payment Account (Receipt voucher No.118020900051 dtd.30.11.2018) of the Panchayat, as Property Tax (online payment) through the IKM Account, has not been credited till date.

4. In the RP-40(b) schedule the closing balance of A/c No.357902010011750 (Janakeeya Bhavanam) on 31.03.2019 is recorded as Rs.107655. But as per the Pass Book updated on 06.04.2019, there is no balance amount in that account as on 31.03.2019.

5. As per Project No.129/19, Rs.39000/- has been given to the Kerala Water Authority as deposit amount for the project 'Extention of Water Supply Line'. Utilisation Certificate of the same is not seen received from the KWA. But that amount is not recorded in the Balance Sheet in the head 460500202, as advance pending adjustment.

6. The details of changes made in the demand of Property Tax (I-18 Prior Period Item), after the purification process of Property Tax was not produced for verification.

7. As per the B-15 schedule, the Library Cess of the Property Tax to be collected is Rs.129623/-. But the actual Library Cess to be collected is Rs.125072/-. There is a difference of Rs.4551/-.

8. The receipt of Property Tax records in the AFS differs's with that of Sanchaya application.

DEPUTY DIRECTOR

sj